# വിവാഹിതരാകുന്നവർക്ക് ഒരു ഗൈഡ്

എം. വി. മാത്യു

ഒരു നോസർ- ഇന്ത്യാ പ്രസിദ്ധീകരണം

വില 10 രൂപ

# വിവാഹിതരാകുന്നവർക്ക് ഒരു ഗൈഡ്

എം. വി. മാത്യു

നോസർ ഇന്ത്യ–പായം 670704 പ്രസിദ്ധീകരിക്കുന്നു. കൺസ്യൂമർന്യൂസ് P.B.NO.1 പായം 670704 വിതരണംചെയ്യുന്നു.

# വിവാഹിതരാകുന്നവർക്ക് ഒരു ഗൈഡ്

# Vivahitharakunnavarkku Oru Guide

*Author*

**M. V. MATHEW**
Payam P. O.

*Second Published*
10-4-99

*Copies* - 1000
*Price Rs.* 10/-

*Printed at*
**Sammanam Printers & Publishers**
Edoor, Payam P. O. 670704

*Published by*
**NOCER - INDIA**
Regd No. s. 410/93
Payam P. O. 670704

*Distributed by*
**Consumer News**
Payam P, O. 670704
Phone No 0490 – 491475



## അവതാരിക

കുടുംബരംഗത്തുണ്ടാകുന്ന പാളിച്ചകൾ ഇന്ന് പലരെയും അസ്വസ്ഥരാക്കുന്നുഎന്നതാണ് വസ്തുത. മൂല്യശോഷണമാണ് ഇതിന്റെ അടിസ്ഥാന കാരണവും. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ ഒരു പുത്തൻ തലമുറയെ വാർത്തെടുക്കുക എന്നുള്ളതു മാത്രമെ ഇതിന് പരിഹാരമായിട്ടുള്ളു. ഇന്നുള്ള പല മാധ്യമങ്ങളിൽ നിന്നും ലഭിക്കുന്ന അബദ്ധ ജഡിലങ്ങളായ അറിവുകളിലൂടെ നമ്മുടെ യുവതലമുറ കയ്യിൽ കിട്ടുന്നതെല്ലാം സ്വായത്തമാക്കുവാനും ജീവിതം ആസ്വദിക്കാനും തുടങ്ങുമ്പോൾ, അടുത്ത തലമുറയ്ക്ക് അവർക്ക് സമ്മാനിക്കുവാനുള്ളത് തകർന്ന ഒരുസംസ്കാരത്തിന്റെ അവശിഷ്ടങ്ങളും പാപഭാരം പേറി മനുഷ്യജന്മം മുഴുവൻ ചുമന്നുകൊണ്ട് നടക്കുവാൻ കുറെ മാറാരോഗങ്ങളും മാത്രമായിരിക്കും. പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു സമൂഹമായി നാം തീർന്നിരിക്കുന്നു എന്ന് പറയാതെവയ്യ. സമൂഹത്തെ കാർന്നുതിന്നുന്ന മൂല്യച്യുതിക്കെതിരെ പ്രവാചക ശബ്ദം ഉയരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സത്യത്തെ വളച്ചൊടിച്ച് അബദ്ധ സിദ്ധാന്തങ്ങൾ ഇന്ന് മാധ്യമങ്ങളെ അടക്കി ഭരിക്കുമ്പോൾ സത്യം അറിയുന്നവർ തങ്ങളുടെ തൂലികയാകുന്ന പടവാളുമായി അങ്കത്തട്ടിലേയ്ക്ക് ഇറങ്ങി വരുന്നത് ആശ്വാസദായകമാണ്.

ശ്രീ. എം. വി. മാത്യുവിന്റെ 'വിവാഹിതരാകുന്നവർക്ക് ഒരു ഗൈഡ്'' എന്ന പുസ്തകം ഞാൻ ആദ്യന്തം വായിച്ചു. വിവാഹ വേദിയിലേക്ക് ഇറങ്ങുന്ന യുവതീയുവാക്കൾ അറിഞ്ഞിരിക്കേണ്ട നൈയാമികവശങ്ങളും കുടുംബജീവിതത്തിന്റെ കെട്ടുറപ്പും പരിപാവനതയും വളരെ കൃത്യമായും ലളിതമായും ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. ഗ്രന്ഥകർത്താവായ ശ്രീ. എം. വി. മാത്യുവിനെ അഭിനന്ദിക്കുന്നതോടൊപ്പം ഈ ഗ്രന്ഥം അനേകർക്ക് പ്രയോജനകരമാകട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

മെത്രാസനമന്ദിരം
ബത്തേരി
28-8-98

ഡോ. ഗീവർഗീസ് മാർ ദിവന്നാസിയോസ്
മെത്രാപ്പോലീത്ത
ബത്തേരി രൂപതാ മെത്രാൻ

## ഈ പുസ്തകത്തെക്കുറിച്ച്

വിവാഹ ജീവിതത്തെക്കുറിച്ച് യുവതീയുവാക്കൾക്ക് ലഭിക്കുന്ന അറിവിന്റെ അപരിയാപ്തത മനസ്സിലാക്കിയ ശ്രീ. എം. വി. മാത്യു അതിനൊരു പരിഹാരം കാണുകയാണ് ഈ ഗ്രന്ഥത്തിലൂടെ. ആനുകാലികമായ പല കാഴ്ചപ്പാടുകളും എഴുതിച്ചേർത്തുകൊണ്ട് ധാരണപിശകുകൾക്ക് വശംവദരായ യുവതീയുവാക്കൾക്ക് ശരിയായ കാഴ്ചപ്പാട് ഉണ്ടാക്കികൊടുക്കുകയാണ് ഗ്രന്ഥകർത്താവിന്റെ ഉദ്ദേശം.

ഈ പശ്ചാത്തലത്തിൽ കുടുംബജീവിതത്തിന് യുവതിയുവാക്കളെ ഒരുക്കുന്ന നോസർ-ഇന്ത്യ പ്രസിദ്ധീകരിക്കുന്ന ''വിവാഹിതരാകുന്നവർക്ക് ഒരു ഗൈഡ്'' എന്ന ഗ്രന്ഥം ശുപാർശ ചെയ്യുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. വിവാഹത്തിനൊരുങ്ങുന്ന അർദ്ധികൾ ന്യായമായും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളും കാലീക നിർദ്ദേശങ്ങളും സൂചനകളും കൊണ്ട് ഈ ഗ്രന്ഥം ധന്യമാണ്. പഴയപാരമ്പര്യങ്ങളും കാഴ്ചപ്പാടുകളും ഓർമ്മിപ്പിച്ചുകൊണ്ട് പുതിയ സമൂഹത്തിലേക്ക് വന്നിട്ടുള്ള വൈകല്യങ്ങളെ തരണംചെയ്യുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ സവിശേഷത.

ദീർഘകാല പഠനത്തിന്റെയും, പരിചിന്തനത്തിന്റെയും, അനുഭവജ്ഞാനത്തിന്റെയും പശ്ചാത്തലത്തിൽ പ്രസിദ്ധീകരിക്കുന്ന 'വിവാഹിതരാകുന്നവർക്ക് ഒരു ഗൈഡ്' എന്ന പുസ്തകത്തിന്റെ കർത്താവ് ശ്രീ എം. വി. മാത്യുവിനെ അനുമോദിച്ചുകൊണ്ട് ഗ്രന്ഥത്തിനും പ്രചുരപ്രചാരം നേരുന്നു.

വെരി. റവ. ഫാ. ക്ലമന്റ് ലെയ്ഞ്ചൽ

## ഈ പുസ്തകത്തെക്കുറിച്ച്

നിരീശ്വരവാദിയായ ഇങ്കർസോൾ പറയുന്നു. 'മരണാനന്തരം ഒരു സ്വർഗ്ഗമുണ്ടോയെന്ന് എനിക്കറിയില്ല. എന്നാൽ ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ട് അതാണ് കുടുംബം'. സ്വർഗ്ഗമെന്നാൽ അനശ്വര നന്മയുടെയും സന്തോഷത്തിന്റെയും അനവദ്യ സുന്ദരാവസ്ഥ എന്നുപറയാം. ഈ അവസ്ഥ ഭൂമിയിൽ സ്ഥാപിതമാകേണ്ടത് കുടുംബങ്ങളിലൂടെയാണ്. ഇതിനായി യത്നിക്കുന്ന നിരീശ്വരവാദികൾ പോലും സ്വർഗ്ഗത്തിന് അർഹരായേക്കാം.


എന്നാൽ നാകസമാനമാകേണ്ട കുടുംബങ്ങൾ ഇന്ന് നരകസമാനം അധഃപതിക്കുകയാണ്. കുടുംബശൈഥില്യം ഇന്നിന്റെ പ്രത്യേകതയായിരിക്കുന്നു. ദമ്പതികളുടെ മനസ്സിന്റെ വിഭാഗീയതയും സ്വഭാവപ്രത്യേകതകളേയും കുറവുകളേയും ഉൾക്കൊള്ളാനുള്ള സങ്കുചിതത്വവും മാത്രമല്ല. വിവാഹജീവിതത്തിൽ അവശ്യം അറിഞ്ഞിരിക്കേണ്ട അടിസ്ഥാന കാര്യങ്ങളെ കുറിച്ചുള്ള അജ്ഞതയും കുടുംബനാശത്തിന് കാരണമാവുകയും ഒരിക്കലും സന്ധിക്കാത്ത നിത്യസമാന്തര രേഖകളായി ദമ്പതികളെ തീർക്കുകയും ചെയ്യുന്നു.

ഒരു ജീവിതാന്തസ്സിനും ഒഴിവാക്കാനാവാത്തതാണ് അനിവാര്യകാര്യങ്ങളെക്കുറിച്ചുള്ള അനുപേക്ഷണീയമായ അറിവ്. സമൂഹത്തിന്റെ അടിത്തറപാകുന്ന കുടുംബജീവിതം നയിക്കുന്നവർ അറിഞ്ഞിരിക്കേണ്ട അവശ്യകാര്യങ്ങളാണ്. നോസർ-ഇന്ത്യയുടെ പ്രസിഡന്റും കൺസ്യൂമർ ന്യൂസ് മാസികയുടെ ചീഫ് എഡിറ്ററും അനേകം പുസ്തകങ്ങളുടെ കർത്താവുമായ ശ്രീ. എം. വി. മാത്യു ചോദ്യോത്തര രൂപത്തിൽ അതിലാളിത്യത്തോടെയും വിജ്ഞാന പൂർണ്ണതയോടെയും അവതരിപ്പിക്കുന്നത്.

രജിസ്റ്റർ വിവാഹത്തിന്റെ സാധുത, പെൺകുട്ടികൾക്കുള്ള സ്വത്ത്, ജീവിത പങ്കാളിയുടെതിരഞ്ഞെടുപ്പിൽ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ, എയ്ഡ്സ് രോഗിയുമായുള്ള ദാമ്പത്യബന്ധം മുലപ്പാൽ നൽകുന്നതിനെക്കുറിച്ചും തുടങ്ങിയ അതിപ്രധാന കാര്യങ്ങൾ ഇതിൽ വിവരിച്ചിരിക്കുന്നു. മനോഹരവും അർത്ഥസമ്പുഷ്ടവും കാലിക പ്രാധാന്യവുമുള്ള ഈ പുസ്തകം വിവാഹാർത്ഥികൾക്കും അവരെ ഒരുക്കുന്നവർക്കും ഒരു 'നിത്യ വഴികാട്ടി' ആയിരിക്കും എന്നതിൽ രണ്ടു പക്ഷമില്ല. സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷത്തിൽ ഈ പുസ്തകം അനുവാചകർക്ക് അനുഗ്രഹമായി ഭവിക്കട്ടെയെന്നാശംസിക്കുന്നതോടൊപ്പം ഈ സദുദ്ദേശ സംരംഭകർത്താവായ ശ്രീ. എം. വി. മാത്യുവിന് അഭിനന്ദനങ്ങളർപ്പിക്കുകയും ചെയ്യുന്നു.

ഫാ. മാണി മേൽവെട്ടം
കാലാങ്കി–670705

## പ്രിയ കുഞ്ഞനുജന്മാരെ,
## കുഞ്ഞനുജത്തിമാരെ



ഈ പുസ്തകം നിങ്ങൾക്കായി തയ്യാറാക്കുമ്പോൾ എന്റെ മനസിലുള്ളത് ഇന്നത്തെ തലമുറയാണ്. കുടുംബ ബന്ധങ്ങളിൽ വേണ്ടത്ര താല്പര്യം കാണിക്കാത്തതലമുറ. ധാർമ്മികത മാററിവെച്ച് ഉപഭോഗ സംസ്കാരത്തിന് മുൻതൂക്കം നല്കുന്ന തലമുറ. എവിടെയാണ് തെററ് പററിയത്? നമ്മൾ തെററുകണ്ടുപിടിക്കുകയും പരിഹാരം തേടുകയും വേണം.

കൊല്ലത്ത് നിയമപഠന ക്ലാസുകളിൽപങ്കെടുക്കുമ്പോൾ കൊല്ലം രൂപതാ സോഷ്യൽ സർവ്വീസ് സൊസൈററി സിക്രട്ടറി റവ:ഫാ ജോർജ്ജ മാത്യു എന്നോട് ചോദിച്ചു ഈ വിവരങ്ങൾ എന്തുകൊണ്ട് വിവാഹം കഴിക്കുവാൻ പോകുന്ന യുവതീയുവാക്കൾക്ക് നൽകിക്കൂടാ? അദ്ദേഹം നിർബന്ധിച്ചപ്പോൾ ആലോചിക്കാമെന്നേററു കഴിഞ്ഞ 7വർഷങ്ങളിലായി കേരളത്തിലും പുറത്തും വളരെയധികം ക്ലാസുകൾനടത്തുകയും ഏറെആൾക്കാരുമായികണ്ടുമുട്ടുകയും ചെയ്തപ്പോൾ ആശയങ്ങൾ കൈമാറിയപ്പോൾ ബഹു. ജോർജ്ജ് മാത്യു അച്ചന്റെ ചോദ്യം അർത്ഥമുള്ളതായി അനുഭവപ്പെട്ടു. നിയമപുസ്തകങ്ങൾ നൽകിയപ്പോൾ അധികംപേരും കുടുംബ ജീവിതത്തെക്കുറിച്ചുള്ള പുസ്തകം ചോദിച്ചു. ഈ പുസ്തകത്തിൽ യുവതിക്കും, യുവാവിനും കുടുംബ ജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പും പ്രവേശിച്ചതിന് ശേഷവും പ്രയോജനപ്പെടുന്ന കാര്യങ്ങളാണ് ചേർത്തിട്ടുള്ളത്. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ പോയപ്പോൾ പലതരം ആൾക്കാരിൽ നിന്നും ലഭിച്ച അറിവാണിത്, നിങ്ങൾക്കിത് പ്രയോജനകരമാകുമെന്ന് വിശ്വസിക്കുന്നു. നിങ്ങളുടെ അഭിപ്രായം അറിയിച്ചാൽ അടുത്ത പതിപ്പിന് അത് പ്രയോജനകരമായിരിക്കും.

ഈ പുസ്തകത്തിന് അവതാരിക എഴുതിയ അഭിവന്ദ്യ ബത്തേരി രൂപതാ മെത്രാൻ ഡോ. ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താക്ക് എളിമയോടെ നന്ദി പറയുന്നു.

ഈ പുസ്തകം വായിച്ച് നിർദ്ദേശങ്ങൾ നൽകി അഭിപ്രായം എഴുതിയ വെ. റവ. ഫാ. ക്ലെമന്റ് ലെയ്ഞ്ചൽ ഫാ. മാണി മേൽവെട്ടം എന്നിവർക്കും ഈ പുസ്തകം വായിച്ച് നിർദ്ദേശങ്ങൾ നൽകിയ വെ. സി. സബീന സി. എം. സി. ക്കും, വെ. റവ. ഫാ. ക്ലാരൻസ് പാലിയത്ത് M. S. W. നും, ഫാ മാത്യു കണ്ടത്തിലിനും നന്ദിഅറിയിക്കുന്നു. വിവാഹിതരാവാൻ തയ്യാറെടുക്കുന്ന കുഞ്ഞനുജൻമാർക്കും അനുജത്തിമാർക്കും ഈ പുസ്തകം സമർപ്പിക്കുന്നു.

എം. വി. മാത്യു

ജോണിക്ക് വിവാഹാലോചനകൾ തകൃതിയായി നടക്കുന്നു. കൃഷിയാണ് ജോണിയുടെ ജോലി. കുടുംബത്തിൽ ചാച്ചനും, അമ്മച്ചിയും, മൂന്ന് അനുജൻമാരും രണ്ട് അനുജത്തിമാരും. ജോണിക്ക് ഇരുപത്തിയാറു വയസ്സായി. ഇളയവൻ ജെയിംസ് ഗവർമെണ്ട് സർവ്വീസിൽ ക്ലർക്കായി ജോലി നോക്കുന്നു. ജെയിംസിന് വിവാഹാലോചനകൾ വരുന്നതുകൊണ്ടാണ് ജോണി വിവാഹം കഴിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചത്. കൃഷിയിലൂടെ കുടുംബം നന്നായി നടത്തികൊണ്ടുപോവുകയാണ് വർക്കിച്ചേട്ടൻ. വർക്കിച്ചേട്ടന് വയസ്സ് 52ആയി. അന്നമ്മയ്ക്ക് അമ്പതും.

ജോണിക്കും വിവാഹം കഴിച്ചാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്. പക്ഷെ, വിവാഹം കഴിച്ചുകൊണ്ട് വരുന്ന പെൺകുട്ടി എങ്ങനെ ആയിരിക്കും? വീട്ടിൽ വഴക്ക് ഉണ്ടാക്കുമോ? ചാച്ചനെയും അമ്മച്ചിയേയും, സഹോദരങ്ങളേയും സ്നേഹിക്കുമോ? വിവാഹം കഴിക്കുവാൻ പോകുന്ന പെൺകുട്ടിക്ക് തന്നെ ഇഷ്ടമാകുമോ? വിവാഹജീവിതം വിജയപ്രദമാകുമോ? നിരവധി സംശയങ്ങളാണ് ജോണിക്ക്.

ചാച്ചന്റെയും, അമ്മച്ചിയുടെയും നിർബന്ധം സഹിക്കവയ്യാതായപ്പോൾ ജോണി സഭയിലെ 'വിവാഹത്തിന് ഒരുക്കുന്ന പഠന ക്ലാസിലും' പങ്കെടുത്തു. പക്ഷെ ജോണിയുടെ സംശയങ്ങൾ സംശയങ്ങളായിത്തുടർന്നു. ആരോടാണ് ചോദിക്കുക? എങ്ങനെയാണ് ചോദിക്കുക? ജോണി ചിന്തയിലാണ്ടു.

പല പെൺകുട്ടികളുടെയും കാര്യം പറഞ്ഞപ്പോഴും ജോണി 'ഉടനെ പറയാം' എന്ന് പറഞ്ഞ് ഒഴിഞ്ഞ് മാറി. ജോണി എന്താണ് വിവാഹത്തിന് സമ്മതിക്കാത്തത്? പല ജോണിമാരേയും പല മേരിമാരേയും നമ്മൾ ജീവിതത്തിൽ കണ്ടുമുട്ടാറുണ്ട് പക്ഷെ, അവരോട് എന്താണ് പറയുക? വിവാഹജീവിതത്തിന്റെ സന്തോഷകരമായ അവസ്ഥയെക്കുറിച്ച് പറയാം. അതുമതിയോ? ആ കാലത്ത് ഗ്രാമത്തിലെത്തിയ സാമൂഹ്യപ്രവർത്തകനുമായി ജോണി നടത്തിയ സംഭാഷണം ശ്രദ്ധിക്കൂ,

## * വിവാഹത്തിന്റെ പ്രായം എത്രയാണ്

പലർക്കും സംശയമുള്ള കാര്യമാണ് വിവാഹത്തിന്റെ പ്രായം എത്രയാണ് എന്നുള്ളത്. ഇന്ത്യയിലെ നിയമമനുസരിച്ച് 21വയസ് കഴിഞ്ഞ പുരുഷനും 18വയസ് പൂർത്തിയായ

പെൺകുട്ടിക്കും വിവാഹിതരാകാം. ശൈശവ വിവാഹം-ഇന്ത്യയിൽ നിരോധിച്ചിരിക്കുന്നു ഈ പ്രായം ആയിട്ടില്ലെങ്കിൽ വിവാഹം നടത്തിക്കൊടുക്കുന്നവർക്കും അതിൽ സഹകരിച്ചവർക്കും ശിക്ഷ ലഭിക്കും.

മുസ്ലീം സമുദായത്തിൽ പ്രായപൂർത്തി വന്ന പെൺകുട്ടിയെ വിവാഹം കഴിപ്പിക്കുന്നുണ്ട്. അത് മതാനുഷ്ഠാനപ്രകാരമാണ്. ശൈശവ വിവാഹം പലതുകൊണ്ടും ദോഷകരമാണ്. ചെറുപ്പത്തിലെയുള്ള പ്രസവം പെൺകുട്ടിയുടെ ആരോഗ്യം നഷ്ടപ്പെടുത്തുന്നു. ഓടികളിക്കേണ്ട പ്രായത്തിൽ കുട്ടികളുമായി നടക്കുന്ന അവസ്ഥ തികച്ചും ശോചനീയമാണ്.

വിവാഹിതരാകുവാൻ പോകുന്നവർ സ്വന്തമായി ജോലിചെയ്ത് ജീവിക്കുവാൻ പ്രാപ്തിയുള്ളവരായിരിക്കണം, ഒരു ജോലി ആയശേഷം വിവാഹം കഴിക്കുന്നത് എന്തുകൊണ്ടും ഉത്തമമാണ്.

## * പെൺകുട്ടിക്ക് ജോലി വേണമോ?

സാമ്പത്തികമായി സ്വന്തം കാലിൽ നിൽക്കുന്നതിന് പെൺകുട്ടിക്ക് ജോലിയുള്ളത് നല്ലതാണ്. പക്ഷേ ജോലി എന്നു പറയുന്നതിൻെറ നിർവ്വചനം പലപ്പോഴും തെറ്റുന്നു. ഒരുകുടുംബത്തിൽ ഭാര്യയ്ക്കും, ഭർത്താവിനും ജോലിയുണ്ടെന്ന് വിചാരിക്കുക എന്നാൽ ഭാര്യ ജോലിക്കു പോകുന്നതിനു മുമ്പും ജോലി കഴിഞ്ഞ് വന്നും ഭക്ഷണം പാകം ചെയ്യാനും, തുണി അലക്കാനും കുട്ടികളെ പരിചരിക്കാനും വളരെ അധികം സമയം ചെലവഴിക്കുന്നു.

ജോലിയില്ലാത്ത ഒരു സ്ത്രീയും ഇല്ല. വീട്ടിലെ ജോലികൾ ചെയ്യാത്ത ആരാണാള്ളത്? ഭക്ഷണം പാകം ചെയ്യാത്ത ആരാണുള്ളത് ആ ജോലിക്കും ഓരോ ദിവസവും ശമ്പളം കൊടുത്തുനോക്കൂ. എട്ടുമണിക്കൂർ ജോലിചെയ്യുന്ന ഓഫീസ് ജോലിയെക്കാളും ഉത്തരവാദിത്വവും ത്യാഗവും സഹനവും വേണം ഓരോ കുടുംബത്തിലെയും ജോലി തീർക്കുവാൻ,

## * വിവാഹം ആവശ്യമാണോ?

ഇന്ന് പലരും ചോദിക്കുന്ന ചോദ്യമാണ് സ്ത്രീയും-പുരുഷനും തമ്മിൽ പള്ളിയിലോ, അമ്പലത്തിലോ, സാക്ഷികൾമുമ്പാ



## * രേഖവാങ്ങുന്നതുകൊണ്ട് മറ്റെന്തെങ്കിലും പ്രയോജനമുണ്ടോ?

ഉണ്ട്. നമ്മുടെ നാട്ടിലാണ് സ്ത്രീധന പീഡനം ഏറ്റവും കൂടുതലുള്ളത്. അമ്മായിയമ്മമാരും നാത്തൂൻമാരും ഭർത്തൃപിതാവും ഭർത്താവുംകൂടിപീഡിപ്പിക്കുന്ന സംഭവം നിത്യേന എന്നോണംവർദ്ധിച്ചുവരുന്നു. പലപ്പോഴും നിൻെറ വീട്ടിൽ നിന്നും എന്തുകൊണ്ടുവന്നെടി' എന്നു ചോദിച്ചുകൊണ്ടാവുംവഴക്ക് സാമ്പത്തികമുള്ള വീടാണെങ്കിൽ വീണ്ടും കൊണ്ടുവരാനും നിർബന്ധിക്കും ഇതിനൊരു പരിഹാരമാണ് രേഖ ആദ്യമേതന്നെ ഉണ്ടാക്കുന്നത് ആ രേഖ എന്നും തെളിവായിരിക്കും ഇതിന് മടിക്കുന്നവർക്ക് ജീവിതത്തിൽ ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകും.

## * സ്വത്തിന് മാത്രം രേഖമതിയോ?

പോര വിവാഹത്തിനുശേഷം സാക്ഷികൾ മുമ്പാകെ പെൺകുട്ടിക്ക് നൽകുന്ന സാധനങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കണം.

| | | |
|---|---|---|
| അലമാര | — | എണ്ണം |
| കട്ടിൽ | — | ,, |
| കസേര | — | ,, |
| സാരി | — | ,, |
| പാത്രങ്ങൾ | — | ,, |
| ഇസ്തിരിപ്പെട്ടി | — | ,, |
| ഫ്രിഡ്ജ് | — | ,, |
| മിക്സി | — | ,, |

തുടങ്ങി എല്ലാ സാധനങ്ങളുടെയും ലിസ്റ്റിൽ ഭർത്താവ് ഒപ്പിട്ട് വാങ്ങണം. ഇതിൽ നാട്ടുകാരായ രണ്ടുപേർ സാക്ഷികളും ഉണ്ടാകണം. കുടുംബങ്ങൾ ഭാഗം വെക്കുമ്പോൾ ആ സാധനം എൻേറതാണെന്ന് പറയുവാൻ പെൺകുട്ടിക്ക് സാധിക്കണം. എന്തുകൊണ്ട് വന്നു എന്ന് ചോദിച്ച് പീഡിപ്പിക്കുമ്പോൾ താൻ കൊണ്ടുവന്നതെന്തെല്ലാം എന്നു കാണിക്കുവാൻ സാധിക്കണം. സ്ത്രീകൾക്കെതിരെ അനാവശ്യമായി ഉണ്ടാക്കുന്ന പീഡനങ്ങൾ ഒഴിവാക്കുവാൻ നമ്മൾ കൂട്ടായി ശ്രമിച്ചാലെ സാധിക്കൂ. അതിനുള്ള ആദ്യപടിയാണ് ഈ കാര്യങ്ങൾ.

*** ഇതിനെല്ലാം ആരെങ്കിലും തയ്യാറാകുമോ?**

പെൺകുട്ടിയെ തന്റെ സഖിയായി സ്വീകരിച്ച് സന്തോഷത്തിലും സങ്കടത്തിലും ഒരുമിച്ച് ജീവിക്കുവാൻ നിശ്ചയിച്ചു വിവാഹം ചെയ്യുന്നവർ തീർച്ചയായും തയ്യാറാകും. വിവാഹശേഷം കിട്ടുന്ന പണം മദ്യപാനത്തിനും, ചീട്ടുകളിക്കും, മററാവശ്യങ്ങൾക്കും ചെലവാക്കിഭാര്യയെ പീഡിപ്പിക്കാനാണ് ഉദ്ദേശ്യമെങ്കിൽ സമ്മതിക്കില്ല.

***ഈ കാര്യങ്ങൾ വിവാഹത്തിനു മുമ്പേ പറയണോ?**

തീർച്ചയായും പറയാം നമ്മുടെ നിയമം തന്നെ അതാണല്ലൊ പറയുന്നതും, സ്വത്ത് തുല്യമായി നൽകണമല്ലൊ. അതിന് രേഖ വേണ്ടേ? ആ രേഖയാണ് ആവശ്യപ്പെടുന്നത്.

*** വിവാഹം പരിശുദ്ധമാണ്?**

എല്ലാ മതങ്ങളുടെയും കാഴ്ചപ്പാടിൽ വിവാഹം പരിശുദ്ധമാണ്. ഓരോ മതത്തിനും വ്യത്യസ്ഥ ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ടെങ്കിലും വിവാഹത്തെ എല്ലാവരും പരിശുദ്ധമായി കാണുന്നു വിവാഹിതരാകുന്നവരും വിശ്വസ്തരും സ്നേഹിക്കാനും ത്യാഗം സഹിക്കാനും കഴിവുള്ളവരും ആയിമാറണം.

*** വിവാഹത്തിന്റെ ആർഭാടം ഒഴിവാക്കണോ?**

ഒഴിവാക്കണം. നമ്മൾ അന്ന് ഭക്ഷണത്തിനും ആഘോഷങ്ങൾക്കുമായി ആയിരങ്ങൾ നശിപ്പിക്കുമ്പോൾ ലക്ഷങ്ങൾ ഭക്ഷണം കിട്ടാതെ മരിക്കുന്നു എന്ന് ഓർമ്മിക്കുക. വിവാഹിതരാകാൻ പോകുന്ന പെൺകുട്ടിയുടെ വീട്ടുകാർ വിവാഹ ചെലവിനും മററുചെലവുകൾക്കുമായി പണമുണ്ടാക്കുവാൻ എന്തു മാത്രം കഷ്ടപ്പെടുന്നുണ്ടാകും? ചെലവുകൾ പരമാവധികുറച്ച് ആഡംബരരഹിതമായ വിവാഹമായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

*** വിവാഹം കെങ്കേമമാക്കിയില്ലെങ്കിൽ മററുള്ളവർ കളിയാക്കില്ലേ?**

വിവാഹത്തിന്റെ ഒരുദിവസത്തിനു വേണ്ടിആയിരങ്ങൾ നഷ്ടപ്പെടുത്തുന്നവർ എത്രയോ നാളത്തെ അദ്ധ്വാനഫലമായിട്ടാ



കെയോ വിവാഹം ചെയ്യേണ്ടത് ആവശ്യമാണോ എന്ന്. സ്ത്രീയും പുരുഷനും ഒരു കരാറിന്റെ അടിസ്ഥാനത്തിൽ ജീവിച്ചാൽ പോരെ? എപ്പോൾ വേണമെങ്കിലും വിട്ടകലാവുന്ന ഒരു കരാർ. കുട്ടിയെ പ്രസവിക്കാൻ വേണ്ടിയോ? കുടുംബജീവിതം എന്താണെന്ന് അറിയുവാൻ വേണ്ടിയോ ഉണ്ടാക്കുന്ന കരാർ, ആ കരാറിലെ വ്യവസ്ഥകൾ പ്രകാരം അതു പൂർത്തിയാകുമ്പോൾ വേറിട്ട് സ്വതന്ത്രമായി ജീവിച്ചു കൂടെ? പാശ്ചാത്യരാജ്യങ്ങളിൽ പരീക്ഷിക്കുന്ന- നടക്കുന്ന- ഈ സമ്പ്രദായം നമ്മുടെ നാട്ടിലും അങ്ങിങ്ങായി ആരംഭിച്ചിരിക്കുന്നു.

ഇവിടെ ഒരുഉത്തരമേയുള്ളു. സമൂഹത്തിന്റെ നിയമമനുസരിച്ച് വിവാഹിതരായി മക്കൾ ജനിച്ചവർക്കേ ഇന്ന് നമ്മുടെനാട്ടിൽ സ്ഥാനമുള്ളു. മതത്തിന്റെ-രാജ്യത്തിന്റെ നിയമത്തിന്റെബലത്തിൽ വിവാഹിതരാകുന്നതാണ് ഉത്തമം. സമൂഹത്തിൽ മാനിക്കപ്പെടുന്നതും അതാണ്.

*** രജിസ്റ്റർ വിവാഹത്തിന് സാധ്യതയുണ്ടോ?**

രജിസ്റ്റർ വിവാഹത്തിന് നിയമ സാധ്യതയുണ്ടോ?. പലരും ചോദിക്കുന്ന ചോദ്യമാണ്. പല യുവതീയുവാക്കളും പരസ്പരം കണ്ട് സംസാരിച്ചു. ഒരുദിവസം ഓടിപ്പോകുന്നു. രജിസ്റ്റർ ഓഫീസിൽ വെച്ച് വിവാഹ ഉടമ്പടി രജിസ്റ്റർ ചെയ്ത് വിവാഹത്തിന്റെ മാധുര്യം ആസ്വദിക്കുന്നു. രണ്ടു മൂന്നു വർഷങ്ങൾക്കുശേഷം വിവാഹ മാധുര്യം നഷ്ടപ്പെടുമ്പോൾ കുററപ്പെടുത്തലാരംഭിക്കുന്നു, പെൺകുട്ടിയുടെ താരുണ്യവും കൈവശമുള്ളപണവും നഷ്ടപ്പെടുന്നു, ഒരു സുപ്രഭാതത്തിൽ ഭർത്താവിനെ കാണുന്നില്ല പിന്നീടറിയുന്നു. തന്നെ സ്നേഹിച്ചവൻ മറെറാരുവളേയും സ്നേഹിച്ച് വിവാഹം കഴിച്ചെന്ന് തനിക്കും കുട്ടികൾക്കും ചെലവിനാവശ്യപ്പെടുമ്പോഴാണ്. മണ്ടത്തരം മനസിലാകുന്നത്.-അന്ന് രജിസ്റ്റർ ചെയ്ത വിവാഹ ഉടമ്പടി പ്രകാരം തനിക്ക് അവകാശമൊന്നും ഇല്ല എന്ന്. അവിടെ പലരും സ്വജീവൻനഷ്ടപ്പെടുത്തുന്നു.

*** വിവാഹം സാധുവാകുന്നതെപ്പോൾ?**

സാധുവായ വിവാഹം ദേവാലയത്തിലൊ, അമ്പലത്തിലൊ, മതാചാര പ്രകാരം സാക്ഷികൾ മുമ്പാകെ നടക്കുമ്പോഴാണ്, ആചാരങ്ങളിൽ കുറഞ്ഞാലും വിവാഹം അസാധുവാകാം.

രജിസ്റ്റർ വിവാഹം സാധുവാകണമെങ്കിൽ വിവാഹം കഴിക്കുവാൻ പോകുന്ന പെൺകുട്ടിയും ആൺകുട്ടിയും സാക്ഷികൾ സഹിതം വിവാഹ രജിസ്ട്രാഫീസിലെത്തി രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കണം. അപ്പോൾ രജിസ്ട്രാർ ആ അപേക്ഷ സ്വീകരിച്ച് നോട്ടീസ് ബോർഡിൽ പ്രസ്തുത വിവാഹത്തിന് ആർക്കെങ്കിലും എന്തെങ്കിലും തരത്തിലുള്ള എതിർപ്പുണ്ടോ എന്ന് ചോദിച്ചു പരസ്യം ചെയ്യും. മുപ്പത് ദിവസത്തിനുശേഷം രജിസ്ട്രാറുടെ മുമ്പിൽ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ നടത്താവുന്ന ആ വിവാഹത്തിന് നിയമസാധ്യതയുണ്ട് പരസ്യം ചെയ്ത് മൂന്നു മാസത്തിനുള്ളിലും വിവാഹിതരാകേണ്ടതാണ്.

*** പെൺകുട്ടികളോട് സ്ത്രീധനം വാങ്ങാമോ?**

പെൺകുട്ടി തന്നെയാണ് ധനം. ഒരിക്കലും സ്ത്രീധനം വാങ്ങാൻ പാടില്ല. സ്ത്രീധനം ചോദിക്കുന്നതും വാങ്ങുന്നതും 1961 സ്ത്രീധന നിരോധന നിയമപ്രകാരം ശിക്ഷാർഹമാണ്.

***പെൺകുട്ടിയുടെ സ്വത്തിന് അവകാശമുണ്ടോ?**

കുടുംബസ്വത്തിന് പെൺകുട്ടിക്ക് അവകാശമുണ്ട്. കുടുംബത്തിൽ ന്യായമായ സ്വത്തിന്റെ വീതം അവളെ വിവാഹം ചെയ്തയക്കുമ്പോൾ അവൾക്കു കൊടുക്കാവുന്നതാണ്. ഇത് പുരുഷനുള്ള സ്ത്രീധനമല്ല. പിന്നെയോ പെൺകുട്ടിക്ക് അന്തസ്സായി ജീവിക്കാനുള്ള വകയാണ് ഇതിൽ ഭർത്താവിന് അവകാശമില്ല എന്നാൽ വിവാഹത്തോടെ ഭാര്യയും, ഭർത്താവും ഒന്നായിത്തീരുന്നു. അതോടെ അവളുടെ സ്വത്തുക്കളിലും ഭർത്താവിന് അവകാശം ലഭിക്കുന്നു. ഒപ്പം ഭർത്താവിന്റെ സ്വത്തുക്കളിൽ ഭാര്യയ്ക്കും.

*** പെൺകുട്ടിയുടെ സ്വത്ത് നൽകുമ്പോൾ രേഖ വാങ്ങേണ്ടതുണ്ടോ?**

ഉണ്ട്. ക്രിസ്തുമതാചാരപ്രകാരം സ്ത്രീക്കും പുരുഷനും അപ്പന്റെ സ്വത്തിൽ തുല്യ അവകാശമാണ് ഉള്ളത്. പെൺകുട്ടിയെ കെട്ടിച്ചുവിടുമ്പോൾ മുഴുവൻ സ്വത്തുക്കളും നൽകി എന്നാൽ അപ്പൻ മരിച്ചപ്പോൾ സ്വത്ത് അപ്പന്റെ കൈവശമായിരുന്നു. പെൺകുട്ടിക്ക് ഒരു വീതത്തിന് അവകാശമുണ്ട്. ഇത് ഉണ്ടാകാതിരിക്കണമെങ്കിൽ ആദ്യമെ തന്നെ രേഖ വാങ്ങണം.



കാം. ആ പണം ഉണ്ടാക്കിയാൽ ആർക്കും ഗുണമില്ലാതെ അലങ്കാരത്തിനും ആഡംബരത്തിനും വേണ്ടി പണം ചെലവാക്കിയിട്ടെന്തു നേട്ടം? കളിയാക്കുന്നവർ എന്നും കളിയാക്കും കല്ല്യാണം കേമമാകുമ്പോൾ ഭക്ഷണപദാർത്ഥങ്ങളിലോ, പന്തലിലോ വീഡിയോയിലോ കുറവ് പറഞ്ഞ് കളിയാക്കും ഇത് കാര്യമാക്കേണ്ടതില്ല

*** വിവാഹചെലവുകൾ കുറച്ച്, എന്തുചെയ്യാനാകും?**

വിവാഹത്തിന്റെ ചെലവുകൾകുറച്ച്, പണമില്ലാത്തതുകൊണ്ട് വിവാഹിതരാകാൻ കഴിയാതെ നിൽക്കുന്ന ഒരു പെൺകുട്ടിയുടെ വിവാഹം നടത്തിക്കൊടുക്കൂ. നിങ്ങളുടെ വിവാഹ ജീവിതത്തിലെ ഏറ്റവും വലിയ സമ്മാനമായിരിക്കും അത്. ആരു നിങ്ങളെ കളിയാക്കുമ്പോഴും നിങ്ങൾക്ക് അഭിമാനത്തോടെ ഓർക്കാം ഒരു പെൺകുട്ടിക്ക് കുടുംബ ജീവിതം നൽകി എന്ന്. അതിലും വലിയ സന്തോഷം എന്താണ്?

*** പങ്കാളിയെ തെരഞ്ഞെടുക്കുമ്പോൾ എന്താണ് ശ്രദ്ധിക്കേണ്ടത്?**

വിവാഹം കഴിക്കുവാൻ തയ്യാറെടുക്കുന്ന ഓരോ പെൺകുട്ടിയും ആൺകുട്ടിയും തനിക്കും തന്റെ കുടുംബത്തിനും യോജിച്ചവരെ തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രേമവിവാഹത്തിന്റെ പേരിൽ പലപ്പോഴും തിരഞ്ഞെടുക്കുന്നവർ കുടുംബങ്ങൾക്ക് ചേർന്നവരായിരിക്കില്ല. സമുദായം സ്വീകരിക്കത്തില്ല, പ്രശ്നങ്ങളും പ്രയാസങ്ങളും ധാരാളമുണ്ടാകും ഒടുവിൽ ജന്മം നല്കിയ മക്കൾക്ക് ഒരു വഴി കാണിച്ചുകൊടുക്കുവാൻ സാധിക്കാതെ ജീവിതം നഷ്ടപ്പെടുത്തുന്ന ദുരവസ്ഥ വന്നു ചേരും. ഈ ഗതി ഉണ്ടാകാതിരിക്കുവാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

*** പ്രേമ വിവാഹങ്ങൾ പരാജയപ്പെടുന്നതിന്റെ കാരണമെന്ത്?**

പ്രേമവിവാഹങ്ങളിൽ തൊണ്ണൂറു ശതമാനവും വേണ്ടവിധം ചിന്തിച്ചെടുത്ത തീരുമാനങ്ങളല്ല. അധികവും പെട്ടന്നുള്ള ശാരീരിക പ്രേരണയ്ക്കോ, ജഢികമായ ആശയ്ക്കോ വശംവദരായിട്ടാണ് സംഭവിക്കുന്നത് വേണ്ടത്ര ഒരുക്കവും തയ്യാറെടുപ്പും ഇല്ലാത്തതുകൊണ്ട് വിവാഹജീവിതത്തിലെ പ്രയാസങ്ങൾ നേരിടാൻ അവർക്കാകുന്നില്ല. അവർ പരസ്പരം അകലുന്നു. അതാണ് പ്രേമവി

വാഹങ്ങൾ പരാജയപ്പെടാൻ കാരണം.

## * വിവാഹത്തിന് ഒരുക്കം ആവശ്യമാണോ?

തീർച്ചയായും നമ്മൾ ഒരുങ്ങണം സദ്യയുണ്ടാക്കാനുള്ള ഒരുക്കമല്ല പെൺകുട്ടിയും ആൺകുട്ടിയും വിവാഹ ജീവിതത്തിലേക്ക് കാലെടുത്ത് വെക്കുന്നതിനുമുമ്പ് വ്യക്തമായും ഒരുങ്ങേണ്ടിയിരിക്കുന്നു.

ഓരോ മനുഷ്യനിലും വ്യത്യസ്ഥമായ ചിന്താരീതികൾ, പ്രവർത്തനങ്ങൾ ഉണ്ടാകും വിവാഹത്തോടെ അതെല്ലാം മാറണം, പരസ്പരം വിട്ടുവീഴ്ച്ചയ്ക്കും, ത്യാഗത്തിനും തയ്യാറാകണം. നമ്മുടെ ഓരോരുത്തരുടെയും സ്വഭാവം നമ്മൾ തന്നെ അറിയണം, എനിക്ക് എന്തെല്ലാ, പോരായ്മകൾ ഉണ്ടെന്ന് നമ്മൾ മനസിലാക്കണം വിവാഹ ജീവിതത്തിനായി നമ്മൾ ഒരുങ്ങേണ്ടത് അത്യാവശ്യമാണ്

## * വിവാഹം കഴിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെങ്കിലും ഉണ്ടോ?

വിവാഹാർത്ഥികൾ കുടുംബം, വ്യക്തികൾ, പാരമ്പര്യം ഇവയൊക്കെ അറിയേണ്ടതാണ്. കുടുംബങ്ങളിൽ പരമ്പരാഗതമായി അപസ്മാരം ഭ്രാന്ത് എന്നീ രോഗങ്ങളുള്ളവരാണോ എന്ന് ശ്രദ്ധിക്കുന്നത് നല്ലതാണ്.

വിവാഹിതരാകുവാൻ പോകുന്നവർ മാറാരോഗികളോ-രോഗത്തിന് അടിമകളൊആണെങ്കിൽ വിവാഹിതരാകാതിരിക്കുക

## * വിദേശരാജ്യങ്ങളിലുള്ളവർ അവധിക്ക് വരുമ്പോൾ വേഗം വിവാവാഹിതരാകേണ്ടിവരും-ഇതുശരിയാണോ?

തീരെഅവധിയില്ലാതെ ഓടിവരുന്നവരെ വിവാഹം ചെയ്യതിരിക്കുക. പരസ്പരം അന്വേഷിക്കുവാനും, ആലോചിക്കുവാനും ആവശ്യത്തിന് സമയമെടുത്ത് വിവാഹം നടത്തുന്നതാണ് അഭികാമ്യം.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും വിദേശങ്ങളിലും ജോലി



ചെയ്യുന്ന ആൺകുട്ടിയും പെൺകുട്ടിയും മററ് വിവാഹബന്ധങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷിക്കേണ്ടത് അത്യാവശ്യമാണ്. അതിനുള്ള സമയവും അവകാശവും ഉണ്ടായരിക്കണം. തീർത്തും അപരിചിതരായവരുമായുള്ള വിവാഹം കഴിവതുംഒഴിവാക്കുക.

## * എയ്ഡ്സ് എന്ന രോഗം ഉള്ളതയാി പറയുന്നു ഈ രോഗം ഉള്ളവരെ എങ്ങനെ തിരിച്ചറിയാം ?

ഒരു മനുഷ്യന് എയ്ഡ്സ് രോഗാവസ്ഥയുണ്ടോ എന്ന് കണ്ടുപിടിക്കുവാൻ 'എലിസ' ടെസ്റ്റ് വഴി സാധിക്കുന്നതാണ്. 'എയ്ഡ്സ് ഒരു രോഗമല്ല. രോഗാവസ്ഥയാണ്' വ്യത്യസ്ത രോഗങ്ങളുണ്ടാകാം, വയററിൽ നിന്ന് ഒഴിച്ചിലോ, ക്ഷയമോ, അൾസറോ, പനിയോ, ക്യാൻസറോ, വഴി എയ്ഡ്സ് ബാധിതർ മരിക്കാം. വിവാഹിതരാകുന്ന എല്ലാവരും ഈ ടെസ്റ്റ് കഴിഞ്ഞേ-വിവാഹം ചെയ്യൂ എന്ന് നിർബന്ധം പിടിച്ചാൽ ഈ ടെസ്റ്റും അത്യാവശ്യമായി വരാം.

## * എയ്ഡ്സ് രോഗം കുത്തഴിഞ്ഞ ജീവിതം വഴിയല്ലേ ഉണ്ടാകുന്നത്?

എയ്ഡ്സ്രോഗം തൊണ്ണൂറ് ശതമാനവും സ്ത്രീപുരുഷബന്ധം വഴിയാണ് പകരുന്നത് .എന്നാൽ നമ്മൾ ആരും തന്നെ അറിയാതെ എയ്ഡ്സ് രോഗം നമുക്കുണ്ടാകാം എയ്ഡ്സ്രോഗിയുടെ രക്തം നമ്മൾ സ്വീകരിക്കുമ്പോൾ,എയ്ഡ്സ്രോഗിക്ക് കുത്തിവെച്ച സിറിഞ്ചുകൊണ്ട് നമ്മളെകുത്തിവെക്കുമ്പോൾ എയ്ഡ്സ് രോഗിയുമായി അടുത്തിടപഴകുമ്പോൾ ഈ രോഗംപകരാം. എയ്ഡ്സ്രോഗിയായ അമ്മകുഞ്ഞിന് മുലപ്പാൽനൽകുമ്പോഴും, ഈ രോഗം പകർന്നെന്നിരിക്കാം.

## • കുത്തിവയ്പ്പിലൂടെ എയഡ്സ്രോഗം എങ്ങനെയാണ് പകരുക?

കുത്തിവയ്ക്കുന്ന ഡിസ്പോസിബിൾ സിറിഞ്ച് വീണ്ടു നമ്മുടെ നാട്ടിൽ ഉപയോഗിക്കുന്നു. കളയുന്ന ഡിസ്പോസബൾ സിറിഞ്ച് നശിപ്പിക്കാത്തതുവഴി മരുന്നുഷോപ്പുകളിലൂടെ വീണ്ടുംനമ്മുടെ കൈകളിലെത്തുന്നു. തിളപ്പിക്കേണ്ട സിറിഞ്ച

വേണ്ടവിധം തിളപ്പിക്കാതിരുന്നാലും അണുക്കൾ നമ്മുടെ ശരീരത്തിൽ എത്തും. ആയതിനാൽ ഇൻജക്ഷനെടുക്കുമ്പോൾ സിറിഞ്ച് പ്രത്യേകം ശ്രദ്ധിക്കുകയും ഇൻജക്ഷനുശേഷം നമ്മൾ നശിപ്പിക്കുകയും ചെയ്താൽ ഈ ആപത്തിൽനിന്നും രക്ഷനേടാം.

*** രക്തം സ്വീകരിക്കുമ്പോൾ എയ്ഡ്സ് രോഗം ഉണ്ടാകുമെങ്കിൽ രക്തം സ്വീകരിക്കുന്നത് എങ്ങനെ?**

രക്തം സ്വീകരിക്കേണ്ട ഓപ്പറേഷൻ, അപകടം, മുതലായ അത്യാവശ്യ ഘട്ടങ്ങളിൽ 'രക്തം' പരിശോധിച്ച ശേഷം മാത്രമേ സ്വീകരിക്കാവൂ. എയ്ഡ്സ് പരിശോധന ഇപ്പോൾ ബ്ലഡ് ബാങ്കുകളിൽ നടത്തുന്നുണ്ട്. ആയതിനാൽ അത്രയധികം ഭയപ്പെടേണ്ടതില്ല.

*** എയ്ഡ്സ് രോഗം എന്തു പ്രായക്കാർക്കാണ് ഉണ്ടാകുക?.**

കുഞ്ഞുകുട്ടി മുതൽ പ്രായമായവർക്കും ആയതു സാഹചര്യങ്ങളിൽ എയ്ഡ്സ് രോഗം ഉണ്ടാകാം. നമ്മുടെ നാട്ടിൽ ചെറുപ്പക്കാരിൽ ഈ രോഗം കൂടുതലായി കാണുന്നത് മയക്കുമരുന്ന് കുത്തിവെയ്ക്കുന്നവരിലാണ്. മയക്കുമരുന്ന് ഒരാളിൽ നിന്ന്, മറ്റൊരാളിലേക്കു മാറിമാറികുത്തിവെയ്ക്കുകയാണ് ചെയ്യുക അവിടെ സ്റ്ററിലൈസ് ചെയ്യുന്നില്ല. ഇവർക്ക് ആണിനും പെണ്ണിനും ഈ രോഗം വരാം.

ചെറുപ്പക്കാരായ ആണുങ്ങൾ ജോലിക്കും മററാവശ്യങ്ങൾക്കുമായി ദൂരയാത്ര ചെയ്യാറുണ്ട് ആ യാത്രയിൽ കൂട്ടുകാരുടെ നിർബന്ധത്താലൊ അറിയാനുള്ള ആകാംക്ഷയാലൊ സ്ത്രീകളുമായി ബന്ധപ്പെടാറുണ്ട് ഈ ബന്ധം ജീവിതംമുഴുവൻ നഷ്ടപ്പെടുത്തുന്നു.

ജോലിയുമായി അന്യസ്ഥലങ്ങളിൽ പോകുന്നവരാണ് മററൊരു കൂട്ടർ ജോലിക്കുശേഷം കൂട്ടുകാരുമായി സന്തോഷിക്കാനിറങ്ങുന്നവർ തീരാദു:ഖത്തിലാവും നമ്മുടെ നാട്ടിലും പലയുവാക്കളും അകാലത്തിലെ 'എയ്ഡ്സിൻെറ' മാരകമായ കൈകളിൽ അമർന്നുകൊണ്ടിരിക്കുന്നു.

*** ഡ്രൈവർമാർക്ക് എയിഡ്സ് കൂടുതലായിട്ടുണ്ടാകുന്നു എന്നു പറയുന്നത് ശരിയാണോ?**



ഒരു വിഭാഗം ആൾക്കാർക്ക് പ്രത്യേകമായി എയ്ഡ്സ് രോഗം ഉണ്ടാകാറില്ല. ജീവിതത്തിൽ വഴിതെററുവാൻ വളരെയധികം സാധ്യതയുള്ളവരാണ് ഡ്രൈവർമാർ, ഓരോ ട്രിപ്പും ദൂരസ്ഥലങ്ങളിൽ പോകുമ്പോൾ ആരും ശ്രദ്ധിക്കാനില്ലാതെ വരുമ്പോൾ വഴി തെററുന്നവർക്ക് ഈ അസുഖം ഉണ്ടാകാം. അവനവനെ സൂക്ഷിക്കുന്നവർക്ക് ഈ രോഗം പിടിപ്പെടുവാൻ സാധ്യത വളരെ കുറവാണ്.

*** വിവാഹത്തിനു ശേഷം വർഷങ്ങൾ കഴിഞ്ഞ് "എയ്ഡ്സ്" ബാധിതരായ സ്ത്രീ പുരുഷൻമാർക്ക് ഒരുമിച്ച് ജീവിക്കാമോ?**

എയ്ഡ്സ് രോഗിയുടെ കൂടെ ഒരുമിച്ച് താമസിക്കുന്നതുകൊണ്ടോ, ഉറങ്ങുന്നതുകൊണ്ടോ, ഭക്ഷണം കഴിക്കുന്നതുകൊണ്ടോ കുളിക്കുന്നതുകൊണ്ടോ, അവരുടെ വസ്ത്രം ധരിക്കുന്നതുകൊണ്ടോ? എയ്ഡ്സ് ഉണ്ടാകുകയില്ല. വർഷങ്ങളായി ഒരുമിച്ചു സ്നേഹിച്ച് ജീവിച്ചവർക്ക് പെട്ടെന്ന് ഭർത്താവിനെയോ; ഭാര്യയെയോ, എയ്ഡ്സ് രോഗത്തിൻെറ മറവിൽ മാററി നിർത്താനാവില്ല എയ്ഡ്സ് രോഗി സ്നേഹം അർഹിക്കുന്നു. മരണം മാത്രം ലഭിക്കുന്ന ആ രോഗം ഉണ്ടെന്നറിഞ്ഞാൽ നമ്മൾ കൂടുതലായി സ്നേഹിക്കുകയും ശുശ്രൂഷിക്കാകയും വേണം' നല്ല മരണം ലഭിക്കുവാനായിരിക്കണം നമ്മുടെശ്രമം.

*** എയ്ഡ്സ് രോഗിയുമായി ഭാര്യാഭർത്തൃബന്ധം പാടുണ്ടോ?**

ഒരുമിച്ച് എല്ലാരഹസ്യങ്ങളും പങ്കുവെച്ച ഭാര്യയുംഭർത്താവും തൻെറപങ്കാളിക്ക് രോഗമുണ്ടെന്നറിഞ്ഞാൽ ശാരീരികബന്ധംപുലർത്താൻ പാടുണ്ടോ? തീർച്ചയായും ആ വ്യക്തിയുടെ ആഗ്രഹംസാധിച്ചുകൊടുക്കുവാൻ പങ്കാളിക്ക് ബാദ്ധ്യതയുണ്ട്. എയ്ഡ്സ് പകരാതെ ശാരീരിക ബന്ധത്തിലേർപ്പെടാൻ ഉള്ളമാർഗ്ഗങ്ങളെക്കുറിച്ച് ഡോക്ടർമാരുടെ നിർദ്ദേശം സ്വീകരിക്കേണ്ടതാണ്.

*** വിവാഹ ജീവിതത്തിലേക്ക് കടക്കുമ്പോൾ പലരിലും പ്രശ്നമുണ്ടാകുന്നത് ആദ്യരാത്രിയാണ് ഈ രാത്രിയെ നേരിടാൻ എന്താണ് ചെയ്യേണ്ടത്?**

വിവാഹ ജീവിതത്തിലേക്ക് കാലൂന്നുമ്പോൾ പലർക്കും ഭയം ആദ്യരാത്രിയാണ് പരാജയപ്പെടുമോ എന്ന ചിന്തമൂലം പലരും മദ്യം കഴിച്ച് ആദ്യരാത്രിയിലേക്ക് കടന്നുവരാറുണ്ട് ചിലർ സിഗററ്, ബീഡി കഞ്ചാവ് എന്നിവയിലാണ് ആശ്രയിക്കുന്നത് ആദ്യരാത്രിക്കെന്താണ് ഇത്ര പ്രത്യേകത? നമ്മുടെ ജീവിതത്തിലെ മററുള്ള രാത്രികൾ പോലെ തന്നെയാണ് ആദ്യരാത്രിയും.

ആൺകുട്ടി അനുജൻമാരോടോ പെൺകുട്ടി അനുജത്തിമാരോടൊപ്പം രാത്രിയിൽ കിടന്നുറങ്ങിയിരുന്നു. അതിനുപകരം പ്രകൃതിയുടെ നിയമത്തിൻെറ ഭാഗമായി ഒരുപുതിയ കുടുംബം ആരംഭിക്കാനായി മതാചാരങ്ങളുടെയും മാതാപിതാക്കളുടെയും അനുവാദത്തോടുകൂടി ജീവിത കാലംമുഴുവൻ സന്തോഷത്തിലും ദുഃഖത്തിലും ഒരുമിച്ചു ജീവിക്കുവാൻ പ്രതിജ്ഞയെടുത്തരണ്ടുപേർ ഒരുമിച്ചു ജീവിതം ആരംഭിക്കുന്ന രാത്രി എന്നുചിന്തിച്ചാൽഭയപ്പെടില്ല. പരാജയമില്ല. അപരിചിതത്വമില്ല.

വിവാഹം ഉറപ്പിക്കുമ്പോൾമുതൽ ഒരുമിച്ചു ജീവിക്കുവാനുള്ള തയ്യാറെടുപ്പാണ് വേണ്ടത്. ഒരുമിച്ച് ഒററക്ക് കാണുന്ന ആ നിമിഷം ജീവിതകാലം മുഴുവൻ അങ്ങനെ ആയിരിക്കാനായിരിക്കണം നമ്മുടെ ശ്രമം.

ആദ്യരാത്രിയിൽ സ്ത്രീ പുരുഷനും പുരുഷൻ സ്ത്രീക്കും തങ്ങളുടെ സ്നേഹം പങ്കുവയ്ക്കുന്നു. ആ ആദ്യരാത്രി പുതിയ ജീവിതത്തിനുള്ള സുപ്രഭാതത്തിൻെറ തുടക്കമാണ്.

ആദ്യരാത്രി ഒരുയുദ്ധക്കളമോ, തോല്വിയോ പരാജയമോ കുറിക്കാനുള്ള ദിവസമോ അല്ല. പ്രത്യുതമരണംവരെ ജീവിതംമുന്നോട്ട് തുഴയുവാൻ കൂട്ടായി തീരുമാനിക്കുന്ന സമയമാണ്. വർഷങ്ങളായി സൂക്ഷിച്ചുവെച്ച് സ്വപ്നം പങ്കുവെയ്ക്കുകയാണ് ആപങ്കുവെയ്ക്കൽ ഒരുകൂടിച്ചേരലായി തീരുന്നു. ഇത് ശരീരത്തിൻെറ ഒരുആവശ്യമാണ് ശരീരംഒരുമിച്ച് കൂടിച്ചേരണമെങ്കിൽ സ്നേഹംവേണം. പരസ്പരം അറിയണം. മനസ്സിലാക്കണം. അപ്പോൾപരാജയമോ യുദ്ധമോ ചങ്കിടിപ്പോ വേവലാതിയോ ഉണ്ടാവില്ല. അതാണ് നമ്മൾഓരോരുത്തരും മനസ്സിലാക്കേണ്ട പ്രധാന കാര്യം. ഇവിടെ തിരക്കോ ബന്ധപ്പാടോ ആവശ്യമില്ല.

ആദ്യരാത്രി ശാരീരികമായി ബന്ധപ്പെടണമെന്ന് പലർക്കും ചിന്തയുണ്ട് ഇതിൽ പ്രത്യേകിച്ച് കാര്യമില്ല. പരസ്പരം സ്നേ



ഹമുണ്ടെങ്കിൽ വിവാഹജീവിതത്തിലേക്ക് ഒരുങ്ങിയിട്ടുണ്ടെങ്കിൽ തീർച്ചയായും അത് സംഭവിച്ചിരിക്കും. ഒരുങ്ങുവാൻ പരസ്പരം അറിയുവാൻ സമയമെടുക്കുന്നതിൽ തെററില്ല.

## * ആദ്യമായി ശാരീരിക ബന്ധത്തിലേർപ്പെടുന്ന പെൺകുട്ടിക്ക് കന്യാചർമ്മം മുറിയുമെന്നും രക്തംവരുമെന്നും പറയുന്നതു ശരിയാണോ?

ഇത് തീർത്തും ശരിയല്ല. സ്ത്രീയിലും, പുരുഷനിലും ഇണചേരുവാൻ ആഗ്രഹം തുടങ്ങുമ്പോൾ തന്നെ അവരുടെ ലൈംഗികാവയവങ്ങളും അതിന് തയ്യാറെടുപ്പു തുടങ്ങും പുരുഷ ലിംഗം സ്ത്രീ യോനിയിലേക്ക പ്രവേശിക്കുവാൻ സാധിക്കുമാറ് സ്ത്രീയുടെ യോനിയിൽ വഴുവഴുപ്പുണ്ടാകും. അതുപോലെ പുരുഷ ലിംഗാഗ്രത്തിലും വഴുവഴുപ്പുണ്ടാകും ജീവിതത്തിൽ ആദ്യമായിശാരീരികമായി ബന്ധപ്പെടുവാൻ ശ്രമിക്കുന്ന രണ്ട്പേർക്കും ഒരുമിച്ച് സ്നേഹപ്രകടനത്തിലൂടെ യാതൊരു പ്രയാസവും കൂടാതെ ശാരീരിക ബന്ധത്തിലേർപ്പെടാവുന്നതാണ്.

ഈ സംയോഗത്തിൽ രക്തം കണ്ടില്ലഎന്ന് പറഞ്ഞ് പെൺകുട്ടിയെ സംശയിക്കാനിടയാകരുത് ആധുനിക യുഗത്തിൽ ചെറുപ്പം മുതൽ ഓടുകയും ചാടുകയും ചെയ്യുന്ന പെൺകുട്ടികൾക്ക് കന്യാചർമ്മം നഷ്ടപ്പെട്ടിരിക്കാം. കൂടാതെ സ്നേഹത്തിൻെറ അത്യാഗാധതയിലേക്ക് ഒരുമിച്ച് ചേരുമ്പോൾബലപ്രയോഗത്തിലൂടെയല്ലാതെ സ്വമനസാലെ ബന്ധപ്പെടുമ്പോൾകന്യാചർമ്മം നഷ്ടപ്പെടുന്നത് അറിയുക പോലുമില്ല ആയതിനാൽ അബദ്ധധാരണകളിൽ അകപ്പെട്ട് ജീവിതം നഷ്ടപ്പെടുത്താതിരിക്കുക. പല പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഈ ചിന്ത ഉണ്ടായിട്ടുള്ളതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഈ ചിന്തമാററിപരസ്പരം ഒന്നാകുവാൻ വിട്ടുവീഴ്ച, ത്യാഗം, സ്നേഹം, ഇവ നേടിയെടുക്കുവാൻ ശ്രദ്ധിക്കുക.

## *ആർത്തവസമയം ഭാര്യവേറെ മുറിയിൽ കഴിയണോ?

ആർത്തവം സ്ത്രീശരീരത്തിൻെറ കടമയാണ്. ആർത്തവകാലത്ത് ജോലിചെയ്യുന്നതുകൊണ്ട് യാതൊരു തകരാറുമില്ല. ഒരുമിച്ച് ഒരുമുറിയിൽ ഉറങ്ങാം. ആർത്തവസമയത്ത് ലൈംഗികാവയവം വൃത്തിയായി സൂക്ഷിക്കുകയും രോഗാണുക്കൾ ഉണ്ടാകാതിരി

ക്കുവാൻ ശ്രദ്ധിക്കുകയും വേണം. 'ആർത്തവം' ഒരു പെൺകുട്ടി അമ്മയാകുവാൻ തയ്യാറാണ് എന്ന് അറിയിക്കുകയാണ് ചെയ്യുന്നത് 'ആർത്തവം ഒരു രോഗമല്ല'

## *കുട്ടികൾ എപ്പോൾ വേണം?

വിവാഹം കഴിഞ്ഞ് കുട്ടികൾ ഉടനെ ആകുന്നതാണ് നല്ലത് കുടുംബ ജീവിതത്തിന്റെ കെട്ടുറപ്പിനും ഇത് സഹായിക്കും, അത്യാവശ്യമായ ഉത്കണ്ഠകൾക്കും ഇത് പരിഹാരം ഉണ്ടാക്കും.

## * എത്ര കുട്ടികൾ വേണം?

എത്ര കുട്ടികൾ വേണം? നമ്മൾ ചിലപ്പോൾ ആറാമത്തെയോ പത്താമത്തെയോ കുട്ടി ആയിരിക്കും. നമ്മുടെ മാതാപിതാക്കൾ ചിന്തിച്ചിരുന്നെങ്കിൽ നമ്മൾ ഇന്ന് ലോകത്തുണ്ടാകുമായിരുന്നില്ല. കുട്ടികൾ സർക്കാർ നിയമപ്രകാരം രണ്ടാണ്. എന്നാൽ ജീവിക്കാനുള്ള സമ്പാദ്യവും മക്കളെ വളർത്താനുള്ള കഴിവുമുണ്ടെങ്കിൽ കൂടുതൽ കുട്ടികൾ ഉള്ളതാണ് സന്തോഷകരം. കൂടാതെ ഏതൊരാവശ്യത്തിനും അവർ സഹായത്തിനുണ്ടാകും.

## * കുട്ടികൾ തമ്മിൽ ,എത്ര പ്രായവ്യത്യാസം വേണം?

കുട്ടികൾ തമ്മിൽ രണ്ട് വയസ്സിന്റെ വ്യത്യാസം മതി. അവർ തമ്മിൽ കൂടുതൽ സ്നേഹിക്കുവാൻ അതിടയാകും. മക്കൾ തമ്മിൽ വലിയ പ്രായ വ്യത്യാസമുണ്ടായാൽ ഇളയ കുട്ടികളോടു കാണിക്കുന്ന സ്നേഹവാത്സല്യം മൂത്തവരോടു കാണിക്കുന്നില്ല എന്ന ചിന്തയുണ്ടാകും. ഇത് മററ് പ്രശ്നങ്ങൾക്ക് കാരണമാകും.

## * കുട്ടി ആണോ പെണ്ണോ എന്നറിയുന്നതിൽ തെററുണ്ടോ?

ഗർഭസ്ഥ ശിശു ആണോ പെണ്ണോ എന്നറിയുന്നതിന് സംവിധാനമുള്ള ആശുപത്രികൾ ഇന്ന് ധാരാളമുണ്ട്. പെൺകുട്ടി ആണെങ്കിൽ ദയനീയമായ അവസ്ഥ ഇന്ന് സർക്കാർ നിയമം മൂലം ഇത് നിരോധിച്ചിരിക്കുന്നു. എന്നാലും അമ്മയുടെ ആരോഗ്യത്തിന്റെ പേരിലും മററ് പല കാരണങ്ങളാലും പെൺകുട്ടിയെ കൊല്ലുന്ന നടപടി തുടരുന്നു. ആയതിനാൽ കുട്ടി ആണോ, പെണ്ണോ ആയിക്കൊള്ളട്ടെ അവൾ ജീവിക്കട്ടെ; അതിനുള്ള അവസരം നൽകൂ!



## * ഗർഭസ്ഥ ശിശുവിന് ജീവനുണ്ടോ? ഇനി ഒരു കുട്ടി വേണ്ടായെന്ന് വിചാരിച്ചിരുന്നപ്പോഴാണ് ഗർഭം ഉണ്ടെന്നറിഞ്ഞത്. ഇത് ഒഴിവാക്കാൻ ഭ്രൂണഹത്യ ആകാമോ?

ബീജവും അണ്ഡവുമായി ചേരുന്ന സമയം മുതൽ ജീവനുണ്ട് അതിന് ഓരോ ഓരോ അവയവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കോഴികുഞ്ഞിനെ കണ്ടിട്ടില്ലേ അതിന് പപ്പുകൾ മുളച്ച് നല്ല അഴകുള്ള പൂവൻകോഴിയോ, പിടക്കോഴിയോ ആകുന്നു. എന്നാൽ ജീവനുള്ള ഒരു കുഞ്ഞിനെയാണ് ഭ്രൂണഹത്യയിലൂടെ നമ്മൾ കൊല്ലുന്നത്. പ്രസവത്തിനുശേഷം ഒരു കുഞ്ഞിന്റെ മുഖത്തേക്കു നോക്കൂ കുഞ്ഞിന് ചിരിക്കാനും കരയാനും അല്ലേ അറിയൂ അതിനെ കൊല്ലരുത്, ഒരു പ്രസവം കൂടി നടക്കട്ടെ ആ കുഞ്ഞ് നിങ്ങളെ സന്തോഷിപ്പിക്കും ഭാവിയിൽ ശക്തമായ കരുതലോടെ ശാരീരിക ബന്ധത്തിലേർപ്പെടൂ.

## * ഗർഭിണി ആയിരിക്കുമ്പോൾ എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത്? ഭർത്താവിന്റെ സ്വഭാവം കുഞ്ഞിന് ലഭിക്കുമോ?

തീർച്ചയായും ഭർത്താവിന്റെ ശുക്ലത്തിലെ ജീവന്റെ അണുവിലൂടെ കുടുംബത്തിന്റെ സ്വഭാവം മക്കൾക്കു ലഭിക്കും ഇതു തലമുറകളായി കണ്ടുവരുന്ന പാരമ്പര്യമാണ്. ആയതുകൊണ്ടാണ് അപസ്മാരം, ഭ്രാന്ത് ഇവയുള്ളവരെ വിവാഹം ചെയ്യരുതെന്ന് പറയുന്നത്.

## *ഭർത്താവിന് പുകവലിശീലമുണ്ട് ആയത് മക്കൾക്കും ഉണ്ടാകുമോ?

പുകവലി ശീലം തലമുറകളിലൂടെ പകരുന്നതല്ല. എന്നാൽ ഭർത്താവും ഗർഭിണിയായിരിക്കുന്ന നിങ്ങളും ഒരു മുറിയിൽ ഒരുമിച്ചിരുന്ന് സിഗരററ് ബീഡിയോ വലിച്ചാൽ അതിന്റെ പുക നിങ്ങളുടെ കുഞ്ഞിനെ സ്വാധീനിക്കും ആ പുകയുടെ ശക്തി അവനിലും പുകവലിക്കാനുള്ള തൃഷ്ണയുണ്ടാക്കും മക്കൾ വലുതാകുമ്പോൾ 'മോനതാ ബീഡി വലിക്കുന്നു' എന്നുപറഞ്ഞിട്ട് യാതൊരു കാര്യവുമില്ല ആദ്യമേ ഗർഭധാരണാവസ്ഥ മുതൽ കുഞ്ഞു വലുതാകുന്നതു വരെ പുകയില ഗന്ധം നൽകാതിരിക്കാൻ ശ്രദ്ധിച്ചാൽ ഈ സ്വഭാവത്തിൽ നിന്ന് എളുപ്പം മാററം ഉണ്ടാക്കാം നമ്മു

ടെ കുഞ്ഞിനുവേണ്ടി അല്പം ത്യാഗം സഹിക്കാൻ തയ്യാറല്ലേ?

*** ഗർഭിണിയായ ഭാര്യയുടെ അടുത്ത് മദ്യപിച്ചെത്തുന്ന ഭർത്താവിന്റെ സ്വഭാവം കുഞ്ഞിന് ലഭിക്കുമോ?**

**ഇല്ല.** പക്ഷേ, മദ്യപിച്ചെത്തുന്ന ഭർത്താവ് വഴക്കു പറയുമ്പോഴും കലംതല്ലിപൊട്ടിക്കുമ്പോഴും- ദേഹോപദ്രവം ഏൽപ്പിക്കുമ്പോഴും അമ്മയുടെ ഉള്ളിലെവേദന വെറുപ്പ് ഇവകുഞ്ഞിനെയും പിടികൂടുന്നു. കുഞ്ഞുവലുതാകുമ്പോൾ അമ്മയുടെ വെറുപ്പ് മാറിയാലും കുഞ്ഞിന് അപ്പനോടുള്ള വെറുപ്പ് തുടരും. അപ്പനോട് എപ്പോഴും നിസഹകരണവും എതിർപ്പും ഉണ്ടാകും ഈ വെറുപ്പ് പുന്നാരമക്കൾക്ക് നൽകണോ?

*** ഗർഭിണിയായ സ്ത്രീയെ അമ്മായിഅമ്മയോ നാത്തൂൻമാരോ പീഡിപ്പിച്ചാൽ അത് കുഞ്ഞുങ്ങൾക്ക് ദോഷമുണ്ടാകുമോ?**

തീർച്ചയായും അമ്മക്ക് വേദനയുണ്ടാക്കിയവരോട് കുഞ്ഞിന്റെയുള്ളിലും പകയുണ്ടായിരിക്കും. അമ്മയുടെ വേദന കുഞ്ഞിലും എപ്പോഴും ഉണ്ടാകും. അമ്മയുടെ എത്ര ചെറിയ ചലനം പോലും അറിയുവാൻ കുഞ്ഞിങ്ങൾക്കാകും അമ്മയുടെ ജീവിതത്തിലെ ആഗ്രഹം ഉറങ്ങാനാണെങ്കിൽ കുഞ്ഞിനും ഉറക്കം ആയിരിക്കും അമ്മ ശാന്തയാണെങ്കിൽ മുന്നരിരം. എപ്പോഴും ഉണ്ടാകും വിഷാദമാണെങ്കിൽ വിഷാദമായിരിക്കും എപ്പോഴും ആയതിനാൽ ഗർഭിണിയായ സ്ത്രീയുടെ ശാരീരികാരോഗ്യത്തോടൊപ്പം മാനസികാരോഗ്യവും ഏററവുംകൂടുതൽ ശ്രദ്ധിക്കണം. മാനസികമായി സന്തോഷവതിയായ സ്ത്രീ പ്രസവിക്കുന്ന കുട്ടികൾ മിടുക്കൻമാരും സൽഗുണസമ്പന്നരുമായിരിക്കും.

*** നമ്മുടെ നാട്ടിൽ ആത്മഹത്യാപ്രേരണ കൂടിവരുന്നു ഇതിന് എന്തെങ്കിലും പ്രതിവിധിയുണ്ടോ?**

ഗർഭിണിയായ സ്ത്രീകൂടുതൽ സമയം പാട്ട് കേൾക്കുന്നത് നല്ലപുസ്തകങ്ങൾ വായിക്കുന്നത് കുഞ്ഞിന് മാനസികമായ വളർച്ചയ്ക്ക് ഉപകാരപ്രദമാണ്. ധാരാളം പാട്ട് കേൾക്കുകയും പാടുകയുംചെയ്യുന്ന സ്ത്രീകൾക്കുണ്ടാകുന്ന കുട്ടികളിൽ ആത്മഹത്യാവാസന കുറവുള്ളതായിപഠനങ്ങൾ തെളിയിക്കുന്നു.



*** ഒരു സ്ത്രീ പ്രസവിക്കുന്ന എല്ലാ കുട്ടികളും (ഒരച്ഛനിൽ നിന്ന്) ഒരുപോലെ സ്വഭാവമുള്ളവരായിരിക്കുമോ?**

**തീർച്ചയായും** അല്ല ഓരോ കുട്ടിയേയും ഗർഭം ധരിച്ചതു മുതൽ പ്രസവിക്കുന്നതുവരെയുള്ള കാലയളവിൽ അമ്മയിലുണ്ടായ വ്യത്യസ്തമായമാററങ്ങൾ മക്കളിലും കാണാനാകും. അമ്മയുടെസന്തോഷവും, ദുഃഖവും, ആകുലതയും, തത്രപ്പാടുംഎല്ലാംവ്യത്യസ്തമായി മക്കളിൽ കാണാം. ആയതിനാൽ ഗർഭിണിയായ സ്ത്രീയെ മാനസികമായി ആരോഗ്യവതിയായി സൂക്ഷിക്കേണ്ടത് കുടുംബത്തിന്റെസമൂഹത്തിന്റെ രാഷ്ട്രത്തിന്റെ നന്മക്ക് അത്യാവശ്യമാണ് മാനസികമായ സന്തോഷം ഭർത്താവിൽ നിന്നും, ജീവിക്കുന്ന കുടുംബാന്തരീക്ഷത്തിൽ നിന്നുമാണ് ലഭിക്കുന്നത്, ആയതിനാൽ കുടുംബത്തിലെ അന്തരീക്ഷം തന്നെ ഒരു സ്ത്രീ ഗർഭിണിയാകുന്നതോടെ മാറേണ്ടിയിരിക്കുന്നു ഈ ഒരു മാററമാണ് സമൂഹത്തിൽ വേണ്ടത്.

*** ഭാര്യയും ഭർത്താവും തമ്മിൽ ശാരീരികമായി ബന്ധപ്പെടുന്നതിന് സമയമുണ്ടോ?**

**തീർച്ചയായുംഇല്ല** സ്ത്രീയും പുരുഷനും തമ്മിൽബന്ധപ്പെടുവാനുള്ള ധാർമ്മികഅവകാശമാണ് വിവാഹത്തിലൂടെ ലഭിച്ചിരിക്കുന്നത്. വിവാഹിതരായവരുടെ ആരോഗ്യമനുസരിച്ച് അവരുടെ ഇഷ്ടാനുസരണം ബന്ധപ്പെടാവുന്നതാണ്. ഇതിന് എതിരുനിൽക്കുന്നതു ശരിയല്ല ഭർത്താവിന്റെ ആഗ്രഹത്തിനു സമ്മതിക്കാതെ വരുമ്പോൾ ഭർത്താവ് മററുവഴികൾ തേടിപ്പോകും. ഭാര്യയുടെയും ആഗ്രഹനിവൃത്തി വരുത്തേണ്ടത് ഭർത്താവിന്റെ കടമയാണ്.

ശാരീരികബന്ധം സ്നേഹത്തിന്റെ ബാഹ്യസ്ഫുരണമാണ്. സ്നേഹവും, ത്യാഗവും ഉണ്ടെങ്കിൽ കുടുംബജീവിതത്തിൽ പ്രശ്നങ്ങളില്ല വിട്ടുവീഴ്ചാമനോഭാവം ഉണ്ടാകണം പരസ്പരം മനസ്സിലാക്കാനാവണം. അവിടെപ്രശ്നങ്ങളില്ല. ശാരീരികമായി ബന്ധപ്പെടാൻ കഴിവില്ലാത്ത എത്ര ഭാര്യാഭർത്താക്കൻമാർ സന്തോഷമായി ജീവിക്കുന്നു. ശാരീരികമായ ശക്തിയല്ല, മാനസികമായ ഒരുമയാണ് ജീവിതത്തെ വിജയത്തിലെത്തിക്കുന്നത്.

ഭാര്യയും ഭർത്താവും കുടുംബത്തിൽ അടക്കത്തിലും ഒതുക്കത്തിലും പെരുമാറണം. കുടുംബത്തിൽ മററ് പലരും ഉണ്ടെന്നു ബോധ്യം ഉണ്ടായിരിക്കണം. ഇതൊക്കെ കുടുംബജീവിതവിജയത്തിന് അത്യാവശ്യമാണ്.

*** ഭാര്യ ഗർഭിണിയായാൽ പരസ്പരം ബന്ധപ്പെടാമോ?**

തീർച്ചയായും പക്ഷെ കുഞ്ഞിന് കുഴപ്പമുണ്ടാകാത്ത വിധത്തിലായിരിക്കണം ബന്ധപ്പെടേണ്ടത്. പ്രസവദിവസം വരെ ശാരീരിക ബന്ധത്തിലേർപ്പെടുന്നത് (ഓരോരുത്തരുടെയും ആരോഗ്യസ്ഥിതിയും ശാരീരികാവസ്ഥയും അനുസരിച്ച്) സുഖപ്രസവത്തിന് നല്ലതാണ്. ഭർത്താവിന്റെ സ്നേഹം ഭാര്യക്ക് കൂടുതൽ കരുത്തുനൽകുന്നു. സന്തോഷവും.

*** പ്രസവിച്ചാൽ കുഞ്ഞിന് എപ്പോഴാണ് മുലപ്പാൽ നൽകേണ്ടത്?**

പ്രസവം കഴിഞ്ഞുടനെ കുഞ്ഞിന് മുലപ്പാൽ നൽകാം. ഓപ്പറേഷനാണെങ്കിൽ മുലപ്പാൽ ഒന്നരമണിക്കൂറിനുശേഷം നൽകിയാൽ മതി

*** മുലപ്പാൽ നൽകുന്നതിനു മുമ്പ് കുഞ്ഞിന് പൊന്നും തേനും, വയമ്പും കൊടുക്കേണ്ടേ? ഇതൊരു പതിവാണല്ലോ?**

കുഞ്ഞിന് പൊന്നും, തേനും, വയമ്പും ഒന്നും കൊടുക്കരുത്. ഇത് കൊടുക്കുന്നതുവഴി കുഞ്ഞിന് രോഗാണുക്കൾ സമ്മാനിക്കുകയാണ് നമ്മൾ ചെയ്യുന്നത്. ഈ ദ്രോഹം കുഞ്ഞിനോട് ചെയ്യാതിരിക്കൂ.

*** കൊളസ്ട്രം (Colustrom) ആയിരിക്കട്ടെ കുഞ്ഞിന്റെ ആദ്യ ആഹാരം.**

കുഞ്ഞിന് മുലപ്പാൽ കൊടുക്കുന്നതിന് മുമ്പ് പല അമ്മമാരും മുലപ്പാൽ പിഴിഞ്ഞുകളയാറുണ്ട്. ഇത് ഒരിക്കലും ചെയ്യരുത്. മുലയിൽ ചെളിയും, ചോരയും മററും ഉണ്ടെന്ന വിശ്വാസത്തിലാ



ണിത്. എന്നാൽ അമ്മയുടെ മുലപ്പാലിലെ ഏററവും പ്രധാന വസ്തുവായ 'കൊളസ്ട്രോം' ആണ് പിഴിഞ്ഞുകളയുന്നത്. ഈ വസ്തു ഇരുപത് ഗ്രാംവരെ ആരോഗ്യവതിയായ അമ്മയിലുണ്ടാകും. അത് കുഞ്ഞ് മെല്ലെ കുടിച്ചുകൊള്ളും. മെല്ലെ മെല്ലെ കുഞ്ഞ് അത് കുടിക്കുമ്പോൾ കുഞ്ഞിന്റെ ജീവിതകാലം മുഴുവൻ നിലനിൽക്കാനുള്ള ജീവശക്തിയാണ് കുഞ്ഞിന് ലഭിക്കുന്നത്. രോഗപ്രതിരോധ ശക്തിയും കുഞ്ഞിന് ഇതുവഴി ലഭിക്കുന്നു.

*** കുഞ്ഞിന് എത്ര മാസംവരെ മുലപ്പാൽ നല്കണം?**

ആറുമാസം വരെ മുലപ്പാലല്ലാതെ മറെറാരു ആഹാരവും കുഞ്ഞിന് നൽകേണ്ടിവരില്ല. മുലപ്പാൽ മാത്രം മതി കുഞ്ഞിന്. പലരും പറയുന്ന പരാതി മുലപ്പാൽ ആവശ്യത്തിന് ഇല്ല എന്നാണ്. ഓരോ കുഞ്ഞിനും കുടിക്കാനുള്ള മുലപ്പാൽ ഓരോ അമ്മയിലും ഉണ്ടാകും. മുലപ്പാൽ തീരുന്നതുവരെ കുഞ്ഞിന് മുലപ്പാൽ നൽകാം. ഒരു വർഷം വരെ മുലപ്പാൽ മാത്രം നൽകിയ അമ്മമാരും, പത്തു വർഷംവരെ മുലപ്പാൽ കുഞ്ഞുങ്ങൾക്ക് നൽകിയ അമ്മമാരും ഉണ്ട്.

*** അമ്മയ്ക്ക് പനി, ക്ഷയം മുതലായരോഗമുണ്ടെങ്കിൽ മുലപ്പാൽ നൽകാമോ?**

തീർച്ചയായും നൽകാം. മുലപ്പാലിലൂടെ ഈ രോഗം കുഞ്ഞിലേക്ക് പകരില്ല. അമ്മയുടെ ഗർഭപാത്രത്തിൽ പത്ത് മാസം കിടന്ന കുഞ്ഞ് രോഗപ്രതിരോധ ശക്തി നേടിക്കഴിഞ്ഞിരിക്കുന്നു. ആയതിനാൽ അമ്മയ്ക്ക് മുലപ്പാൽ കൊടുക്കാം. ഏതു രോഗമായാലും കുഞ്ഞിന് മുലപ്പാൽ നൽകാം.

*** കുപ്പിപ്പാൽ നൽകിയാൽ സൗകര്യമായിരുന്നു. യാത്ര പോകുമ്പോൾ കുഞ്ഞിന് മുലപ്പാൽ കൊടുക്കാൻ പ്രയാസമാണ്. മററുള്ളവർ ശ്രദ്ധിക്കില്ലേ?**

അമ്മയിലൂടെ അല്ലാതെ ഇന്നുവരെ ആരും ജനിച്ചിട്ടില്ല. അമ്മിഞ്ഞപ്പാൽ ഏറ്റക്കുറച്ചിലിനനുസരിച്ച് എല്ലാവരും കുടിച്ചിട്ടുമുണ്ടാകും. കുഞ്ഞിന് മുലപ്പാൽ കൊടുക്കുന്നതിൽ നാണിക്കേണ്ട. ഒളിക്കേണ്ട യാതൊരു കാര്യവുമില്ല. സൗകര്യപ്രദമായി വസ്ത്രം ധരിച്ചാൽ ഒരു പ്രയാസവും കൂടാതെ കുഞ്ഞിന് മുലപ്പാൽ നൽകാം.

കുഞ്ഞിന് കുപ്പിപ്പാൽ നൽകരുത്. കുപ്പിയിലെ നിപ്പിളിലൂടെ വലിച്ചുകുടിക്കുന്നത് ദോഷകരമാണ്. കൂടാതെ കുഞ്ഞിന് അസുഖവും ബാധിക്കും.

*** കുഞ്ഞിന് ആവശ്യത്തിന് കുടിക്കുവാനുള്ള മുലപ്പാൽ ഇല്ല എന്ന പരാതി എല്ലാവരും പറയുന്നു, എന്താണിതിനു കാരണം?**

പ്രസവിച്ച സ്ത്രീക്ക് മുലപ്പാൽ ഉണ്ടാകുന്നത് ഭക്ഷണംകൊണ്ട് മാത്രമല്ല. സാധാരണ ഭക്ഷണവും, ആവശ്യത്തിന് വെള്ളവും കുടിച്ചാൽ കുഞ്ഞിന് ആവശ്യത്തിനുള്ള പാൽ ലഭിക്കും.

മുലപ്പാൽ നൽകുന്ന അമ്മയ്ക്ക് സമൂഹം, കുടുംബം, ബന്ധുക്കൾ സ്നേഹം നൽകിയാലേ മുലപ്പാൽ കുഞ്ഞിന് ആവശ്യത്തിന് നൽകാൻ ലഭിക്കൂ. കുഞ്ഞ് മുല നുണഞ്ഞു കുടിക്കുമ്പോൾ അമ്മയിലുണ്ടാകുന്ന **അനുഭൂതി തലച്ചോറിൽ പ്രവർത്തിച്ച് ഹോർമോൺ പ്രവർത്തനത്തിലൂടെയാണ്** മുലപ്പാൽ ഉണ്ടാകുന്നത്. എത്ര നല്ല ഭക്ഷണവും, നല്ല ജീവിത സൗകര്യവും ഉണ്ടായാലും മനസിന് സന്തോഷമില്ലെങ്കിൽ കുഞ്ഞിന് ആവശ്യത്തിന് മുലപ്പാൽ ലഭിക്കില്ല. സമൂഹവും കുടുംബവും അറിയേണ്ട ഏററവും പ്രധാന കാര്യമാണിത്.

*** മുലക്കുപ്പി നിരോധിച്ചുകൊണ്ട് നമ്മുടെ രാജ്യത്ത് ഒരു നിയമമുണ്ടോ?**

ഉണ്ട്. I. M. S act-1992 1992-ൽ മുലക്കുപ്പിയുടെ വില്പനയും, പരസ്യവും നിരോധിച്ചുകൊണ്ട് നമ്മുടെ പാർലമെൻറ് ഒരു നിയമം പാസാക്കി. മുലക്കുപ്പി പരസ്യമായി വിൽക്കുന്നത് കുററകരമാണ്. പരസ്യവും കുററകരമാണ്. എല്ലാ അമ്മമാരും ഇതറിയുകയും മുലക്കുപ്പി നിർബന്ധമായും ഒഴിവാക്കുകയും വേണം.

*** മുലക്കുപ്പി ഇല്ലെങ്കിൽ പിന്നെ എങ്ങനെയാണ് കുഞ്ഞിന് പാൽ നൽകുക?**

കുഞ്ഞിന് പാൽ ഗ്ലാസിലോ, കപ്പിലോ നൽകുക. കുഞ്ഞ് മെല്ലെ കുടിക്കുവാൻ ശീലമാക്കിക്കൊള്ളും. മുലക്കുപ്പിയിൽ കൊ



ടുത്തു ശീലിപ്പിച്ചാൽ ഈ ശീലം കിട്ടുവാൻ താമസമെടുക്കും.

*** പല അമ്മമാരുടെയും പരാതി തങ്ങളുടെ മുലഞെട്ട് കുഞ്ഞിൻെറ വായിൽ വെക്കുവാൻ മാത്രം വലുതല്ല മുലഞെട്ട് താന്നിരിക്കുന്നു എന്നതാണ്. എന്താണിതിന് പരിഹാരം?**

മുലഞെട്ട് കുഞ്ഞിൻെറ വായിൽ വെച്ച് കൊടുത്താൽ കുഞ്ഞ് നുണഞ്ഞ് കുടിച്ചുകൊള്ളും. തീരെ മുലഞെട്ടില്ലായെങ്കിൽ ഡോക്ടറുടെ നിർദ്ദേശം തേടാവുന്നതാണ്.

*** മുലപ്പാൽ കുഞ്ഞിന് കൊടുക്കുമ്പോൾ അമ്മയുടെ ആരോഗ്യവും സൗന്ദര്യവും നഷ്ടപ്പെടില്ലേ ?**

അധികം അമ്മമാർക്കും ഉള്ള സംശയമാണിത്. മുലപ്പാൽ കുഞ്ഞിന് കൊടുക്കുന്നതുവഴി അമ്മയുടെ സൗന്ദര്യം വർദ്ധിക്കുന്നു എന്നുള്ളതാണ് സത്യം. കൂടാതെ ഗർഭം ഉണ്ടാകുവാൻ കാലതാമസം ഉണ്ടാകുന്നു. മാസമുറ കൃത്യമായി നടക്കുന്നു. ഗർഭപാത്രം പെട്ടെന്ന് ചുരുങ്ങുകയും വയർ ചാടാതിരിക്കുകയും ചെയ്യുന്നു. ഏററവും ഉപരിയായി കുഞ്ഞിന് കൃത്യമായി കൊടുത്ത അമ്മയ്ക്ക് സ്തനാർബുദം ഉണ്ടാകുവാനുള്ള സാദ്ധ്യതകുറവാണ്. മുലപ്പാൽ കൊടുക്കാത്ത അമ്മമാരിൽ മുലപ്പാൽ കെട്ടിനിന്ന് സ്തനാർബുദവും, മുലനീരും ഉണ്ടാകുന്നു. ഇനിയും മുലപ്പാൽ നൽകാൻ അമ്മമാർക്ക് മടി തോന്നുന്നുണ്ടോ?

*** മുലപ്പാൽ നൽകുന്നതിലൂടെ മറെറന്തെങ്കിലും ഗുണമുണ്ടോ?**

ഇന്നത്തെ അമ്മമാർ പലരും പറയുന്ന പരാതിയാണ് തങ്ങളുടെ മക്കൾ അനുസരിക്കുന്നില്ല, കിഴക്കോട്ടുപോകാൻ പറഞ്ഞാൽ വടക്കോട്ട് പോകുന്നു. ഇങ്ങോട്ടു വിളിച്ചാൽ അങ്ങോട്ടു പോകുന്നു. പല അമ്മമാരും പറയുന്നു മക്കൾക്ക് സ്നേഹമില്ല എന്ന്.

എല്ലാ അമ്മമാരും ഒന്നു ശ്രദ്ധിച്ചുനോക്കൂ. നിങ്ങളുടെ മക്കൾക്ക് മുലപ്പാൽ നൽകിയപ്പോൾ കുഞ്ഞിനെ ചേർത്തു പിടിച്ചുകിടന്നപ്പോൾ നിങ്ങളിൽ ഉണ്ടായ ആനന്ദം ആ സന്തോഷം നിങ്ങളിലൂടെ, നിങ്ങളുടെ മക്കളിലേക്ക് മുലപ്പാലിലൂടെ ഒഴുകി അ

വൻ, അവൾ വളർന്നുവന്നപ്പോൾ അമ്മേ എന്ന വിളി നിങ്ങളെ കോൾമയിർ കൊള്ളിച്ചില്ലേ? അമ്മ മക്കളെ സ്നേഹത്തോടെ വിളിച്ചപ്പോൾ അമ്മയെ കേൾക്കാൻ അവർ നിന്നില്ലേ? അമ്മ വിളിച്ചപ്പോൾ അവർ എത്ര തിരക്കിലായാലും ഓടിയെത്തിയിട്ടില്ലേ? മുലപ്പാലിലൂടെ അമ്മമാർ മക്കളിലേക്കെത്തിച്ച സ്നേഹം സമൂഹത്തിന്റെ മാററമാണ്.

ഇന്നോ ഏതോ ജോലിക്കാരിയുടെ കൈയിൽ നിന്ന് ഏതോ കമ്പനിക്കാർ എങ്ങനെയോ ഉണ്ടാക്കിയ പാൽ കുടിച്ചു വളർന്ന കുഞ്ഞിന് അമ്മയോടെന്തു സ്നേഹം? കുഞ്ഞിന് ടിന്നിലെ പാൽ തന്ന പശുവിനോടല്ലേ സ്നേഹം തോന്നൂ. വിളിച്ചാൽ വിളി കേൾക്കുമോ? ഓരോ മാതാവും പിതാവും ചിന്തിക്കൂ. നമ്മുടെ സമൂഹത്തിൽ കുട്ടികളിൽ അക്രമവാസനയും ധാർമ്മികച്യുതിയും ഉണ്ടാകുവാൻ നമ്മളല്ലേ കാരണം. ചിന്തിക്കൂ— പ്രവർത്തിക്കൂ.

*** മുലപ്പാലിൽ മാത്രമേ കുഞ്ഞിന്റെ ബുദ്ധി വളരുന്ന വസ്തുവുള്ളൂ?**

കുഞ്ഞിന്റെ ബുദ്ധിവളരുന്നതിനുള്ള അമിനോ അമ്ലങ്ങൾ മുലപ്പാലിൽ മാത്രമേ ഉള്ളൂ ലോകത്തിൽ മററൊരുവസ്തുവിലും ഇല്ല മുലപ്പാൽ നല്കുന്ന കുഞ്ഞിന് വലിവ്, ഛർദ്ദി, അതിസാരം പനി മുതലായ രോഗങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത വളരെ കുറവാണ്.

ടിറിൻ, സിസ്റ്റിൻ എന്നീ അമിനോ അമ്ലങ്ങളാണിത്. മുലപ്പാൽ നല്കൂ. കുഞ്ഞിന്റെ ബുദ്ധി വർദ്ധിപ്പിക്കൂ............

*** കുഞ്ഞുങ്ങളുടെ സ്വഭാവം മാററാനാവുമോ?**

നമ്മൾ ഉത്സാഹിച്ചാൽ നമ്മുടെ കുഞ്ഞിന്റെ സ്വഭാവം ഏഴു വയസ്സുവരെ നമ്മുക്ക് മാററി എടുക്കാനാവും പക്ഷേ കുഞ്ഞുങ്ങളോട് സ്നേഹം കാണിക്കാൻ നമ്മുക്ക് സമയമില്ല. നേഴ്സറി മുതൽ എടുത്താൽ പൊങ്ങാത്ത പുസ്തകവും പേറി ട്യൂഷനും കഴിഞ്ഞ് കുഞ്ഞ് ക്ഷീണിച്ചെത്തുമ്പോൾ വഴക്കു കൂടി വീണ്ടും പഠിപ്പിക്കാനല്ലേ നമ്മൾ ശ്രമിക്കുന്നത്.

പഠിക്കണം -ഒന്നാമനാകണം. എന്ന ഒററചിന്തയിൽ സ്നേഹം കൊടുക്കാൻ നമ്മൾ മറക്കുന്നു. കുഞ്ഞിന്റെ ജീവിതം നിരാശയു



ടെയും ദ്വേഷത്തിന്റെയും എതിർപ്പിന്റേതുമായി മാറുന്നു. ഓരോ മാതാപിതാക്കളും ചിന്തിച്ചു നോക്കൂ. കുഞ്ഞുങ്ങളോട് ഇത്രയും ക്രൂരത വേണോ?

*** ഭാര്യാഭർത്താക്കൻമാർ രഹസ്യങ്ങൾ മാററാമോ?**

ഭാര്യയും ഭർത്താവുമായി ജീവിക്കുമ്പോൾ എന്തു രഹസ്യമാണ്. എല്ലാം പരസ്യമല്ലേ? അതിന് മുമ്പ് എന്തെങ്കിലും രഹസ്യങ്ങളുണ്ടെങ്കിൽ ആദ്യരാത്രിക്കുമുമ്പേ അതെല്ലാം മറന്നേക്കൂ. ഒരിക്കലും ഉണരാത്ത വിധം.

*** ഭാര്യാഭർത്താക്കൻമാർ കുടുംബകാര്യങ്ങൾ ചർച്ച ചെയ്യണോ?**

തീർച്ചയായും. എല്ലാ ദിവസവും ഒരുമിച്ച് ചേരുന്നവരാണെങ്കിൽ ദിവസവും അന്നന്നത്തെ കാര്യങ്ങൾ ചർച്ച ചെയ്യുന്നു. ഓരോ ദിവസവും എത്ര മാത്രം നന്മ ചെയ്യുമായിരുന്നു എന്നത് മറക്കാതിരിക്കുക. കുടുംബത്തിന്റെ കെട്ടുറപ്പിന് സാമ്പത്തിക കാര്യങ്ങളിൽ പ്രത്യേകം കൂട്ടായി ആലോചിച്ച് തീരുമാനങ്ങൾ എടുക്കുക. മക്കൾ പ്രായമാകുമ്പോൾ അവരെയും ഈ ചർച്ചകളിൽ പങ്കാളികളാക്കുക. ജീവിത വിജയത്തിന് ഇത് വളരെ പ്രയോജനകരമാണ്.

*** കുടുംബ ബഡ്ജററ് വേണമോ?**

തീർച്ചയായും. വിവാഹത്തിന്റെ ആദ്യനാൾ തൊട്ട് ബഡ്ജററ് ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ് വരവും ചെലവും അറിഞ്ഞുവേണം ചെലവഴിക്കുവാൻ. വരവിൽ കൂടുതൽ ചെലവാക്കാൻ ഇടയായാൽ കുടുംബത്തിൽ പ്രശ്നങ്ങൾ ഉണ്ടാകും. വഴക്കാകും. സമാധാനം നഷ്ടപ്പെടും. കുടുംബ ബഡ്ജററ് തയ്യാറാക്കിയാൽ ഏതിനത്തിലാണ് കൂടുതൽ ചെലവാക്കിയതെന്ന് മനസിലാകും. ആ ചെലവുകൾ കുറയ്ക്കുവാൻ സാധിക്കും.

*** ഭാര്യാ ഭർത്താക്കൻമാർ അറിഞ്ഞിരിക്കേണ്ട മററു കാര്യങ്ങൾ പറയാമോ?**

വിവാഹം കഴിഞ്ഞ് കുട്ടികൾക്ക് പ്രായമാകുമ്പോൾ ശ്രദ്ധി

ക്കേണ്ട കാര്യങ്ങളാണ്.

1. അവരെ അവരുടെ അഭിരുചിയനുസരിച്ച് പഠിപ്പിക്കുക.

2. മക്കൾക്ക് ഇന്ത്യൻ ഭരണഘടനയെക്കുറിച്ചും, പൗരബോധം, മനുഷ്യാവകാശം, നിയമങ്ങൾ ഇവയെക്കുറിച്ചും സാമാന്യം അറിവു നൽകുക.

3. പെൺകുട്ടികളായാലും ആൺകുട്ടികളായാലും വീട് വിട്ട് താമസിക്കേണ്ടി വരുന്ന അവസരങ്ങളിൽ അവർ എവിടെ താമസിക്കുന്നു ആരോടൊപ്പം എന്നീ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

4. കൂട്ടുകാരികളുടെ വീട്ടിൽ പെൺകുട്ടികളെ ഒറ്റക്ക് കഴിവതും വിടാതിരിക്കുക. അവിടെ നിങ്ങളുടെ മോളെ ചെളിക്കുഴിയിൽ വീഴിക്കാൻ ആൾ കാത്തിരിക്കുന്നുണ്ടാവും.

5. ആൺകുട്ടികളെ കൂട്ടുകാരുടെ കൂടെ അന്തിയുറങ്ങാൻ വിടുമ്പോൾ കൂട്ടുകാരൻ മയക്കുമരുന്നിനോ മദ്യത്തിനോ മറ്റേതെങ്കിലും ദുശീലത്തിന് അടിമയല്ലെന്ന് ഉറപ്പ് വരുത്തുക

6. സ്കൂൾ വിട്ടും കോളേജ് വിട്ടും കുട്ടികൾ വീട്ടിൽവരുമ്പോൾ അവരെ പ്രത്യേകം ശ്രദ്ധിക്കുക. അവരിൽ എന്തെങ്കിലും ഭാവമാററം ഉണ്ടോ എന്നറിയുക.

7. കുട്ടികളുടെ പുസ്തകങ്ങൾ പരിശോധിക്കുക. പാഠങ്ങൾ പഠിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക.

8. മക്കൾ പഠിക്കുന്ന സ്കൂൾ, കോളേജിൽ, ഇടയ്ക്കിടെ സന്ദർശിക്കുക. അദ്ധ്യാപകരുമായി മക്കളുടെ പഠനകാര്യം ചർച്ച ചെയ്യുക.

9. മക്കളുടെ കൂട്ടുകാരെ പ്രത്യേകം ശ്രദ്ധിക്കുക. അവരാണ് മക്കളുടെ ഭാവിയിൽ മാററമുണ്ടാക്കുന്നത്.

10. മക്കളോട് എല്ലാ ദിവസവും ആഴ്ചയിൽ ഒരിക്കലെങ്കിലും വിവരങ്ങൾ അന്വേഷിക്കുക. അവർക്ക് പറയാനുള്ളത് കേൾക്കുക.



11. മക്കളുടെ വസ്ത്രധാരണത്തിൽ പ്രത്യേകം ശ്രദ്ധിക്കുക അടക്കവും ഒതുക്കവുമുള്ള വസ്ത്രങ്ങൾ തിരഞ്ഞെടുക്കുക മററുള്ളവരെ ആകർഷിക്കുന്ന വസ്ത്രധാരണം നിർബന്ധമായും ഒഴിവാക്കുക.

12. മക്കളെ മിതവ്യയം ശീലിപ്പിക്കുക. സാമ്പത്തിക കാര്യങ്ങളിൽ തികഞ്ഞ അച്ചടക്കവും ഓരോ ദിവസവും നൽകുന്ന പണത്തിന് കണക്കും വാങ്ങുക. ആഡംബരങ്ങളിൽ നിന്നും ആർഭാടങ്ങളിൽനിന്നും കഴിവതും.

13. തൊഴിലിന്റെ മാഹാത്മ്യം മനസ്സിലാക്കിക്കൊടുക്കുക. ഏതുതൊഴിലും ചെയ്യാനുള്ള മാനസികാവസ്ഥകളിൽ വളർത്തി എടുക്കുക.

14. സഹജീവികളോട് സ്നേഹവും, അനുകമ്പയും ത്യാഗമനോഭാവവും കാട്ടുവാൻ പഠിപ്പിക്കുക.

വിവാഹം ജീവിതകാലം മുഴുവൻ മരണം വരെയുള്ള ഒരു ഉടമ്പടിയാണ്. സുഖത്തിലും, ദുഃഖത്തിലും സമ്പത്തിലും ദാരിദ്രത്തിലും ഒരുമിച്ച് ജീവിക്കുവാനുള്ള ഉടമ്പടി. ഭാര്യയും ഭർത്താവും വ്യത്യസ്തരല്ല ഒന്നാണ് ഒരാൾക്ക് വേദനിക്കുമ്പോൾ മറെറയാൾക്കും വേദനിക്കണം. ഒരാൾസന്തോഷിക്കുമ്പോൾ മറെറയാളും സന്തോഷിക്കണം അതാണ് വിവാഹജീവിതം. വിവാഹജീവിതത്തിന് ഒരുങ്ങണം. നിങ്ങളുടെ വിവാഹജീവിതം വിജയകരമായിരിക്കട്ടെ.